കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഇത് ഒട്ടും അഭിമാനകരമല്ല

ജനങ്ങളുടെ നികുതിപ്പണമെടുത്ത് ഇന്ധനമടിച്ച് ഓടുന്ന സർക്കാർ വണ്ടിയിൽ ചുറ്റിയടിച്ച് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിയുടെ ഡ്രൈവർ നടത്തിയ അതിക്രമം ഒറ്റപ്പെട്ടൊരു സംഭവമായി വിലയിരുത്താൻ കഴിയുന്നതല്ല. സംസ്ഥാനത്തിനു കരുത്തും ജനങ്ങൾക്കു സുരക്ഷിതത്വവും നൽകേണ്ട സംവിധാനങ്ങൾ എത്രമാത്രം കുത്തഴിഞ്ഞതാണെന്ന് ഈ സംഭവം ഓർമിപ്പിക്കുന്നു. ഇതിൽ ആശങ്കപ്പെടാനും തിരുത്താനും ഒരുപാടുണ്ട്. തലസ്ഥാന നഗരത്തിൽ മ്യൂസിയം പരിസരത്ത് പുലർച്ചെ വനിതാ ഡോക്ടർക്കെതിരേ ലൈംഗികാതിക്രമം നടത്തുകയും സമീപത്തെ വീട്ടിൽ അർധരാത്രി അതിക്രമിച്ച് കയറുകയും ചെയ്ത കേസിൽ പ്രതിയെ അറസ്റ്റ്ചെയ്യാൻ കഴിഞ്ഞത് പോലീസിനെ സംബന്ധിച്ച് ആശ്വാസകരമാണെങ്കിലും ഒട്ടും അഭിമാനകരമല്ല. കഴിഞ്ഞ 10 വർഷമായി വാട്ടർ അതോറിറ്റിയിൽ കരാർ ജീവനക്കാരനാണ്പ്രതി. മ്യൂസിയത്തിനു മുന്നിലുണ്ടായ സംഭവത്തിന്റെ അന്വേഷണത്തിൽ പോലീസിന്റെ മെല്ലെപ്പോക്കും ഗുരുതര വീഴ്ചകളും പരാതിക്ക് ഇടയാക്കുന്ന വിധമായിരുന്നു. അതിക്രമത്തിന് ഇരയായ വനിതാ ഡോക്ടറുടെ ഉറച്ച നിലപാടും തെളിവുകൾ ശേഖരിക്കാൻ അവർ നടത്തിയ ശ്രമവും കൊണ്ടുമാത്രമാണ് സംഭവമുണ്ടായി ദിവസങ്ങൾക്കു ശേഷമെങ്കിലും പ്രതിയിലേക്ക് എത്താൻ പോലീസിനു കഴിഞ്ഞത്. കഴിഞ്ഞമാസം 26ന് പുലർച്ചെ കുറവൻകോണത്തെ വീട്ടിൽ അതിക്രമിച്ചുകയറി മോഷ്ടിക്കാൻ ശ്രമം നടത്തിയ പ്രതി പ്രഭാതസവാരി നടത്തുകയായിരുന്ന വനിതാ ഡോക്ടറെ ആക്രമിച്ചശേഷം ഓടി രക്ഷപ്പെടുകയായിരുന്നു. ഇയാൾക്കെതിരേ ഒരു പീഡന പരാതി കൂടി ഉയർന്നിട്ടുണ്ട്. പ്രതിയുമായി തെളിവെടുപ്പ് നടത്തുന്ന ദൃശ്യങ്ങൾ ചാനലുകളിൽ കണ്ടതോടെ കഴിഞ്ഞ ഡിസംബറിൽ വീട്ടിൽ കടന്ന് തനിക്കെതിരേ അതിക്രമം നടത്തിയത് ഇയാൾ തന്നെയെന്ന് ഒരു യുവതി തിരിച്ചറിഞ്ഞിരിക്കുന്നു. ഒരു വർഷമായി തുമ്പില്ലാതെ കിടന്ന ഒരു കേസിനു കൂടിയാണ് ഇതോടെ ജീവൻ വച്ചത്. അറസ്റ്റിനെ തുടർന്ന് പ്രതിയെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. ഇതുകൊണ്ട് മുഖം രക്ഷിക്കാൻ തൽക്കാലം മന്ത്രിയുടെ ഓഫീസിനു കഴിയുമെങ്കിലും സംഭവത്തിനു ശേഷം പ്രതിയുടെ സി.സി.ടിവി ദൃശ്യവും രേഖാചിത്രം അടക്കം പുറത്തു വന്നതിനുശേഷവും ഇങ്ങനെയൊരാൾ ഒരാൾക്കും സംശയമില്ലാതെ സർക്കാർ വാഹനം ഓടിച്ച് ജോലിയിൽ തുടർന്നുവെന്നത് അതിശയപ്പെടുത്തുന്നു. കേസുകൾ തെളിയിക്കുന്നതിൽ കേരളാ പോലീസ് കാഴ്ചവച്ചിട്ടുള്ള മികവാർന്ന ചരിത്രത്തെ ബഹുമാനിക്കുമ്പോൾ തന്നെ അവരുടെ കുറവുകളും പറയാതിരുന്നിട്ട് കാര്യമില്ല. പുലർച്ചെ സ്റ്റേഷനിൽ എത്തി ഒരു വനിതാ ഡോക്ടർ നൽകിയ ലൈംഗികാതിക്രമ പരാതിയിൽ പോലീസിന്റെ തുടർനടപടി അങ്ങേയറ്റം നിരാശപ്പെടുത്തുന്നതായി. ജനങ്ങൾക്ക് ഏറെ പരാതിയുള്ള കേരളത്തിലെ ചില സർക്കാർ ഓഫീസുകളിലെ പ്രവർത്തന ശൈലിയെ അനുസ്മരിപ്പിക്കുന്ന വിധം ചട്ടപ്പടിയായി കേസ് അന്വേഷിക്കാനിറങ്ങിയാൽ എങ്ങനെയിരിക്കും?. പരാതിക്കാരിക്ക് സ്വയം തെളിവു തേടി ഇറങ്ങുകയേ മാർഗമുണ്ടായിരുന്നുള്ളു. ഇത്രയേറെ പ്രാധാന്യമുള്ള നഗരത്തിൽ സ്ഥാപിച്ചിരിക്കുന്നത് എന്തുമാതിരി സി.സി.ടിവി കാമറകളാണ്?. ഇതേ നഗരത്തിലാണ് ഒരു മാധ്യമ പ്രവർത്തകൻ ഐ.എ.എസ് ഉദ്യോഗസ്ഥൻ ഓടിച്ചിരുന്ന കാർ ഇടിച്ചു മരിച്ചത്; ഭരിക്കുന്ന പാർട്ടിയുടെ ഓഫീസിലേക്ക് സ്ഫോടക വസ്തു എറിഞ്ഞതിനുശേഷം ഒരാൾ സ്കൂട്ടർ ഓടിച്ചു പോയത്. അപ്പോഴൊന്നും പോലീസിന്റെ കാമറയിൽ ഒന്നും വ്യക്തമായി പതിയുകയുണ്ടായില്ല. സാങ്കേതിക സംവിധാനങ്ങൾ ഇത്രയേറെ വികസിച്ച കാലത്ത് സുരക്ഷിതത്വപ്രശ്നമുള്ള ഇടങ്ങളിലെങ്കിലും കൺതുറന്ന് ഇരിക്കാനുള്ള ജാഗ്രത പോലീസിന് ഉണ്ടാകണം. അതിനു കഴിയാത്തത് കേരളത്തിലെ പോലീസിന്റെ പിടിപ്പുകേട് വ്യക്തമാക്കുന്നു. നാണക്കേട് തോന്നിയെങ്കിലും സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാകണം. സംശയം പ്രകടിപ്പിക്കുകയും തെളിവുകൾ നിരത്തുകയും ചെയ്തതിനുശേഷവും പാറശാലയിലെ പ്രണയക്കൊലയിൽ പാറപോലെ ഇരുന്ന പോലീസിനെ കേരളം കണ്ടതാണ്. പരാതിക്കാർ മുൻകൈയെടുത്തില്ലെങ്കിൽ പ്രതിയെ കണ്ടെത്താൻ കഴിയാത്ത പോലീസ് സംവിധാനം തികഞ്ഞ തോൽവിതന്നെ.

സെക്രട്ടേറിയറ്റിൽ സൂക്ഷിക്കേണ്ട കാറിലായിരുന്നു ഡ്യൂട്ടി സമയത്തിനുശേഷവും പ്രതിയുടെ രാത്രിസഞ്ചാരം. ഇത് എങ്ങനെ സാധിച്ചു?. സെക്രട്ടേറിയറ്റിലെ സുരക്ഷാ ഉദ്യോഗസ്ഥരടക്കം ഉത്തരം പറയേണ്ട വീഴ്ച ഇതിലുണ്ട്. സർക്കാർ സംവിധാനങ്ങൾ ഈ നാട്ടിൽ എത്രമാത്രമാണ് ദുർവിനിയോഗം ചെയ്യുന്നതെന്ന് ഈ സംഭവം ഒരിക്കൽക്കൂടി ഓർമിപ്പിക്കുന്നു. ജനാധിപത്യത്തിൽ ജനങ്ങളാണ് രാജാവെന്ന് ആലങ്കാരികമായി പറയാമെങ്കിലും അധികാരമാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. കുറ്റവാളികൾക്ക് ഔദ്യോഗിക പദവികളിൽ ഇരിക്കുന്നവർ നൽകുന്ന തണൽ നാടിന്റെ ശാപമാണ്. ഈയൊരു ഘടനയിൽ, ചുമതലപ്പെട്ടവർ ദീർഘവീക്ഷണത്തോടെ ജനനന്മയും പുരോഗതിയും ലക്ഷ്യമിട്ട്കാര്യങ്ങൾ നടപ്പിലാക്കാൻ പ്രാപ്തികാട്ടിയില്ലെങ്കിൽ നാടിന്റെ ഗതിയിൽ ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. എല്ലാം ചട്ടപ്പടി തുടരുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയും ചെയ്യും




## രാജ്യത്തെ ക്ലിയറിങ് കോർപറേഷനുകൾക്ക് യൂറോപ്യൻ യൂണിയന്റെ വിലക്ക്

യൂറോപ്യൻ യൂണിയന്റെ ധനവിപണി റെഗുലേറ്ററായ യുറോപ്യൻ സെക്യൂരിറ്റീസ് ആന്റ് മാർക്കറ്റ്സ് അതോറിറ്റി(ഇഎസ്എംഎ)രാജ്യത്തെ ആറ് ക്ലിയറിങ് കോർപറേഷനുകളുടെ അംഗീകാരം പിൻവലിച്ചു.

ക്ലിയറിങ് കോർപറേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ ക്ലിയറിങ് കോർപറേഷൻ, എൻഎസ്ഇ ക്ലിയറിങ് കോർപറേഷൻ, മൾട്ടി കമ്മോഡിറ്റി എക്സ്ചേഞ്ച് ക്ലയറിങ്, ഇന്ത്യ ഇന്റർനാഷണൽ ക്ലിയറിങ് കോർപറേഷൻ, എൻഎസ്ഇ ഐഎഫ്എസ് സി ക്ലിയറിങ് കോർപറേഷൻ എന്നിവയുടെ അംഗീകാരമാണ് റദ്ദാക്കിയത്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ(ആർബിഐ), സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ(സെബി), ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്റർ അതോറിറ്റി(ഐഎഫ്എസ് സിഎ) എന്നിവയ്ക്കും വിലക്ക് ബാധകമാണ്.

കറൻസി, കമ്മോഡിറ്റി, ഇകിറ്റി വിപണികളിൽ ഇടപാട് നടത്തുന്നതിന് എസ്മയുടെ നിയന്ത്രണത്തിലുള്ള യൂറോപ്പിലെ ബാങ്കുകൾക്ക് ഇതോടെ വിലക്ക് ബാധകമാകും. രാജ്യത്തെ വിപണികളിൽ സജീവമായി ഇടപെടുന്ന ബിഎൻപി പാരബാസ്, ഡോയ്ച്ചെ, സൊസൈറ്റി ജനറൽ തുടങ്ങിയ ബാങ്കുകൾക്ക് നിയന്ത്രണം വരും.

യൂറോപ്യൻ മാർക്കറ്റ് ഇൻഫ്രസ്ട്രെക്ചർ റെഗുലേഷന്റെ ചില വ്യവസ്ഥകൾ പാലിക്കാത്തിന്റെ പേരിലാണ് അംഗീകാരം പിൻവലിച്ചതെന്ന് എസ്മയുടെ പ്രസ്താവനയിൽ പറയുന്നു. പ്രത്യാഘാതം രൂക്ഷമാകാതിരിക്കാൻ തീരുമാനം നടപ്പാക്കുന്നത് 2023 ഏപ്രിൽ 30വരെ താൽക്കാലികമായി നിർത്തിവെച്ചിട്ടുണ്ട്.

ഏപ്രിൽ 30നുശേഷം യൂറോപ്യൻ ബാങ്കുകൾക്ക് രാജ്യത്തെ ഈ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ അവസാനിപ്പിക്കേണ്ടിവരും. അതേസമയം, പ്രശ്നം പരിഹിക്കാൻ രാജ്യത്തെ ക്ലിയറിങ് ഹൗസുകൾ ശ്രമംതുടങ്ങിയതായി റിപ്പോർട്ടുകളുണ്ട്.

ക്ലിയറിങ് കോർപറേഷൻ: ഇടപാടുകളുടെ സ്ഥിരീകരണം, സെറ്റിൽമെന്റ്, ഡെലിവറി എന്നിവ കൈകാര്യംചെയ്യുന്നതിന് ബന്ധപ്പെട്ട എക്സ്ചേഞ്ചുമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ക്ലിയറിങ് കോർപറേഷൻ. ഇടപാടുകൾ വേഗത്തിലും കാര്യക്ഷമതയിലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യതയും ഇവർക്കുണ്ട്.



## ഗുജറാത്തിൽ ത്രികോണപ്പോര്; മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച്ആം ആദ്മി പാർട്ടി

അഹമ്മദാബാദ്: ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച് ആം ആദ് മി പാർട്ടി.

പാർട്ടി ജനറൽ സെക്രട്ടറിയും ഗുജറാത്തിലെ പ്രമുഖ മാദ്ധ്യമ പ്രവർത്തകനുമായ ഇസുദാൻ ഗാദ്വി വിയാണ് എഎപിയുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി. ഇതോടെ ഗുജറാത്തിൽ ത്രികോണ മത്സരത്തിന് കളം ഒരുങ്ങി. അഹമ്മദാബാദിൽ വച്ച് നടന്ന ചടങ്ങിൽ അരവിന്ദ് കേജ്രിവാളാണ് സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത്. അഭിപ്രായ വോട്ടെടുപ്പിലൂടെ ഗോപാൽ ഇതാലിയുടെയും മനോജ് സൊറാത്തിയുടെയും നാമങ്ങൾ തള്ളിയാണ് ഇസുദാൻ ഗാദ്വി മുന്നിൽ എത്തിയത്.

ഗുജറാത്തി ചാനലായ വിടിവിയിലെ മഹാമൻദൻ എന്ന ഷോയിലൂടെ ശ്രദ്ധേയനാണ് ഇസുദാൻ. തന്റെ മാദ്ധ്യമ പ്രവർത്തനത്തിലൂടെ നിരവധി അഴിമതികൾ പുറത്ത് കൊണ്ട് വന്നിട്ടുണ്ട്. അഴിമതിക്കെതിരായ പോരാട്ടമാണ് രാഷ്ട്രീയ ജീവിതത്തിലും തുടരുകയെന്ന് അദ്ദേഹം വ്യക്തമാക്കി. തിരഞ്ഞെടുപ്പിൽ മോർബി തൂക്കുപാല ദുരന്തം പ്രധാന ചർച്ചാ വിഷയമാകും.

ഗുജറാത്തിൽ ആകെ 182 നിയമസഭാ സീറ്റുകളാണുള്ളത്. ഇതിൽ 92 സീറ്റുകളാണ് സർക്കാർ രൂപീകരിക്കാൻ വേണ്ടത്. സംസ്ഥാനത്ത് രണ്ട് ഘട്ടങ്ങളിലായി തിരഞ്ഞെടുപ്പ് നടത്താനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചത്. ഒന്നാം ഘട്ടം ഡിസംബർ ഒന്നിനും രണ്ടാം ഘട്ട വോട്ടെടുപ്പ് ഡിസംബർ അഞ്ചിനും നടത്തും.

തിരഞ്ഞെടുപ്പ് പ്രചരണം ഊർജ്ജിതമാക്കുന്നതിനായി ശനിയാഴ്ച മുതൽ റോഡ് ഷോകൾ ആരംഭിക്കുവാനാണ് ആം ആദ്മി പാർട്ടി തീരുമാനിച്ചിരിക്കുന്നത്. ഇതിനായി അരവിന്ദ് കേജ്രിവാൾ നേരിട്ട് സംസ്ഥാനത്ത് ക്യാമ്ബ് ചെയ്യും. ദിവസവും രണ്ടോ മൂന്നോ റോഡ് ഷോകൾ നടത്തും. രാഷ്ട്രീയ വിദഗ്ദ്ധർ നൽകുന്ന വിവരമനുസരിച്ച് സംസ്ഥാനത്ത് ഇക്കുറി ത്രികോണ പോരാട്ടം കടുപ്പമേറിയതാവും. എഎപിയും ബിജെപിയും കോൺഗ്രസും തമ്മിലായിരിക്കും മത്സരം. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മാസങ്ങൾക്ക് മുൻപേ സംസ്ഥാനത്ത് ആം ആദ്മി പ്രചരണ പരിപാടികൾ ഊർജ്ജിതമാക്കിയിരുന്നു.




## കനത്ത മഴ: കോട്ടയം മെഡിക്കൽ കോളേജിൽ വെള്ളംകയറി, രോഗികൾ വലഞ്ഞു

കോട്ടയം: രണ്ട് മണിക്കൂറായി പെയ്ത കനത്ത മഴയെത്തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ വെള്ളം കയറി. ഒ.പി വിഭാഗത്തിലാണ് വെള്ളം കയറിയത്. താഴ്ന്ന പ്രദേശമായതും ഓടകൾ കൃത്യമായി വൃത്തിയാക്കാത്തതുമാണ് വെള്ളക്കെട്ടിന് കാരണം.

ഒ.പി വിഭാഗം മുട്ടോളം വെള്ളത്തിലായി. ഇതോടെ രോഗികളും കൂട്ടിരിപ്പുകാരും ദുരിതത്തിലായി. പ്രശ്നം താത്ക്കാലികമാണെന്നും ഉടൻ തന്നെ പരിഹരിക്കുമെന്നും മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ ജയകുമാർ വ്യക്തമാക്കി.



## ഇന്ത്യയോട് ഏറ്റുമുട്ടാൻ ഇനി ചൈനയും പാകിസ്ഥാനും വിറയ്ക്കും, ആവനാഴിയിൽ എത്തുന്നത് മാരക പ്രഹരശേഷിയുള്ള ആയുധങ്ങളും ഡ്രോണുകളും

ന്യൂഡൽഹി: അതിർത്തിയിൽ ചൈനയ്ക്കെതിരായ പ്രതിരോധ കരുത്ത് വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യൻ സൈന്യം കൂടുതൽ ആയുധങ്ങൾ വാങ്ങുന്നു.

ഡ്രോണുകൾ, ഭാരം കുറഞ്ഞ ടാങ്കുകൾ എന്നിവ ഉൾപ്പടെയാണ് വാങ്ങുന്നത്. കരാൻ ഒപ്പിട്ട് ഒരുവർഷത്തിനുള്ളിൽ ഓർഡറുകൾ പൂർത്തീകരിക്കണമെന്നാണ് പ്രതിരോധ മന്ത്രാലയം മുന്നോട്ടുവയ്ക്കുന്ന പ്രധാന വ്യവസ്ഥ. അടിയന്തര സംഭരണത്തിനുള്ള ഫാസ്റ്റ് ട്രാക്ക് നടപടിക്ക് കീഴിൽ തദ്ദേശീയമായി നിർമ്മിക്കുന്നവയാണ് വാങ്ങുന്നത്.

ലക്ഷ്യം കണ്ടെത്തൽ, തിരിച്ചറിയൽ, ശത്രുക്കളുടെയും അവരുടെ വാഹനവ്യൂഹങ്ങളുടെയും ചലനം നിരീക്ഷിക്കൽ എന്നിവ സാദ്ധ്യമാക്കുന്ന ഹൈ റെസല്യൂഷൻ ചിത്രങ്ങൾ ലഭ്യമാക്കുന്ന ഏറ്റവും പുതുതലമുറ ഡോണുകളാണ് സൈന്യം കൂടുതൽ സംഭരിക്കുന്നത്. ചൈനയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കൂടുതലും ചെങ്കുത്തായ മലനിരകളായതിനാലാണ് ഇത്. ഡ്രോണുകൾക്കൊപ്പം 1000 നിരീക്ഷണ കോപ്റ്ററുകളും സൈന്യം വാങ്ങുന്നുണ്ടെന്നാണ് റിപ്പോർട്ട്.

അമേരിക്കയിൽ നിന്ന് ആക്രമണ ശേഷിയുള്ള പ്രെഡേറ്റർ-ബി ഡ്രോണുകൾ വാങ്ങാൻ ഇന്ത്യൻ സൈന്യം തീരുമാനിച്ചിരുന്നു. ഉയർന്ന് പറന്ന് നിരീക്ഷിക്കുന്നതിനൊപ്പം ആക്രമിക്കാനും ഇത്തരം ഡ്രോണുകൾക്ക് കഴിവുണ്ട്. ഇറാക്ക്, അഫ്ഗാൻ, സിറിയൻ യുദ്ധങ്ങളിൽ അമേരിക്ക വ്യോമാക്രമണത്തിന് പ്രെഡേറ്റർ ബി ഡ്രോണുകളാണ് ഉപയോഗിച്ചിരുന്നത്.ശത്രുവിന്റെ ചെറുനീക്കങ്ങൾ പോലും മനസിലാക്കാൻ ഇവയ്ക് കഴിയും. ചൈനയുടെ പക്കൽ നിരീക്ഷണത്തിനും ആക്രമണത്തിനും ശേഷിയുള്ള വിങ് ലൂക്ക് -2 ഡ്രോണുകൾ ഇപ്പോഴുണ്ട്. ഇതിൽ നാലെണ്ണം ചൈന പാകിസ്ഥാന് നൽകാൻ തയ്യാറെടുക്കുന്നു എന്നുള്ള റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഈ സാഹചര്യത്തിലാണ് പ്രെഡേറ്റർ-ബി ഡ്രോണുകൾ വാങ്ങാൻ അടിയന്തര പ്രാധാന്യത്തോടെ തീരുമാനിച്ചത്.


നിലവിൽ അതിർത്തിയിൽ ചൈനയുടെ ഏതുതരത്തിലുള്ള നീക്കവും പ്രതിരോധിക്കാൻ തക്ക കരുത്ത് ഇന്ത്യൻ സൈന്യത്തിനുണ്ട്. പിനാക റോക്കറ്റ് സംവിധാനങ്ങൾ, ധനുഷ് ഗൺ സിസ്റ്റം, കെ -9 വജ്ര, അൾട്രാ ലൈറ്റ് ഹോവിറ്റ്സർ എന്നീ അത്യാധുനിക സംവിധാനങ്ങളും അടുത്തകാലത്ത് സൈന്യം ഉൾപ്പെടുത്തിയിട്ടുണ്ട്, അതിർത്തിയിൽ ചൈന ആയുധ വിന്യാസം തുടങ്ങിയതോടെയാണ് ഇന്ത്യയും കൂടുതൽ ആയുധങ്ങൾ വിന്യസിച്ചുതുടങ്ങിയത്.





# 'ചവിട്ടിയത് ഞാനല്ലല്ലോ'; കാറിൽ ചാരിനിന്ന ബാലനെ തൊഴിച്ച് തെറിപ്പിച്ച സംഭവത്തിൽ പ്രതികരിച്ച് സ്പീക്കർ എ എൻ ഷംസീർ

**തിരുവനന്തപുരം:** കാറിൽ ചാരിനിന്നതിന് പിഞ്ചുബാലനെ ക്രൂരമായി തൊഴിച്ച് തെറിപ്പിച്ച സംഭവത്തിൽ പ്രതികരിച്ച് സ്ഥലം എം എൽ എ കൂടിയായ സ്പീക്കർ എ എൻ ഷംസീർ.സംഭവത്തിന്റെ സി സി ടി വി ദൃശ്യങ്ങൾ പുറത്തുവന്നിട്ടും കേസെടുക്കാനോ ആരോപണ വിധേയനായ ആളെ ചോദ്യംചെയ്യാനോ പൊലീസ് തയ്യാറാകാത്തതിനെക്കുറിച്ച് മാദ്ധ്യമപ്രവർത്തർ ചോദിച്ചപ്പോഴാണ് 'ചവിട്ടിയത് ഞാനല്ല, നിങ്ങളുടെ ചോദ്യം കേട്ടാൽ ഞാൻ ചെയ്തതുപോലെയാണല്ലോ തോന്നുക' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.തലശേരിയിൽ തിരക്കേറിയ റോഡിൽ വച്ചാണ് കാറിൽ ചാരിനിന്ന ആറ് വയസുകാരു നേരെ യുവാവിന്റെ അതിക്രമമുണ്ടായത് . പൊന്ന്യംപാലം സ്വദേശി മുഹമ്മദ് ശിഹ്ഷാദാണ് (20) കുട്ടിയെ ദേഹോപദ്രവം ഏൽപ്പിച്ചത്. കുട്ടിയുടെ നടുവിന് നേരെ ഇയാൾ ചവിട്ടുകയായിരുന്നു.റോഡിൽ തെറ്റായ ദിശയിൽ വണ്ടി നിർത്തിയിട്ട ശേഷമാണ് ഇയാൾ അക്രമം നടത്തിയത്. ഒരു വിവാഹ ആവശ്യത്തിനായി കുടുംബത്തോടൊപ്പം എത്തിയ ശിഹ്ഷാദ് വണ്ടി നിർത്തിയ സമയം രാജസ്ഥാൻ സ്വദേശികളുടെ മകനായ ഗണേഷ് എന്ന ആറു വയസുകാരൻ കാറിൽ ചാരിനിന്നു. ഇത് ഇഷ്ടപ്പെടാതെയാണ് കുട്ടിയെ ചവിട്ടിയത്. കാറിനുള്ളിലുണ്ടായിരുന്ന കുടുംബാംഗങ്ങളെ കുട്ടി ഉപദ്രവിക്കാൻ ശ്രമിച്ചെന്നാണ് ഇയാൾ പറയുന്നത്. ഉടൻ കണ്ടുനിന്നവരിൽ ചിലരെത്തി ശിഹ്ഷാദിനെ ചോദ്യംചെയ്തു. എന്നാൽ ഇവരോട് തർക്കിച്ച ശേഷം സ്ഥലംവിട്ട ഇയാൾക്കെതിരെ അപ്പോൾ പൊലീസ് നടപടിയെടുത്തില്ല എന്ന് പരാതിയുണ്ട്. മണിക്കൂറുകൾക്ക് ശേഷം ഇയാളെ വിളിച്ച് വരുത്തി കാര്യം തിരക്കുകയും കാർ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. സംഭവം വിവാദമായതോടെ പ്രതിയെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാൾക്ക് രാഷ്ട്രീയ സ്വാധീനം ഉള്ളതിനാലാണ് നടപടി സ്വീകരിക്കാൻ വൈകിയതെന്നാണ് ആരോപണം.ചവിട്ടേറ്റ ബാലന് നടുവിന് ഗുരുതര പരിക്കുണ്ട്. കുട്ടിയെ ദൃക്സാക്ഷികളിൽ ചിലർ ആശുപത്രിയിലെത്തിച്ചു. അതേസമയം സംഭവം ശ്രദ്ധയിൽപെട്ടതായും പ്രശ്നത്തിൽ ഇടപെടുമെന്നും ബാലാവകാശ കമ്മിഷൻ ചെയർമാൻ കെ.വി മനോജ് കുമാർ പ്രതികരിച്ചു.സംഭവത്തെക്കുറിച്ച് മന്ത്രിമാരായ വി ശിവൻകുട്ടിയും വീണാ ജോർജും പ്രതികരിച്ചിട്ടുണ്ട്. യുവാവിന്റെ പ്രവൃത്തി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് പറഞ്ഞ മന്ത്രി വീണജോർജ് കുഞ്ഞിനും കുടുംബത്തിനും നിയമസഹായം ഉൾപ്പെടെയുള്ള പിന്തുണ വനിത ശിശുവികസന വകുപ്പ് നൽകുമെന്നും ആവശ്യമായ ചികിത്സ ഉറപ്പാക്കുമെന്നും പറഞ്ഞു.മനുഷ്യത്വം എന്നത് കടയിൽ വാങ്ങാൻ കിട്ടുന്ന ഒന്നല്ല. കണ്ണൂരിലെ സംഭവം ഞെട്ടൽ ഉണ്ടാക്കി. കാറിൽ ചാരി നിന്നതിന് ആറ് വയസുകാരനെ ചവിട്ടിത്തെറിപ്പിക്കുന്നത് എന്തൊരു ക്രൂരതയാണ്. നിയമപരമായ എല്ലാ നടപടിയും ഉണ്ടാകും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടരുത് എന്നായിരുന്നു വി ശിവൻകുട്ടി പ്രതികരിച്ചത്.



അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫറൻസ് ആൻഡ് എക്സ്പോയിൽ എൻസിആർടിസി എക്സിബിറ്റ് ബൂത്ത് കേന്ദ്ര മന്ത്രി( ഭവന, നഗരകാര്യ, പെട്രോളിയം പ്രകൃതി വാതക) ഹർദീപ് സിംഗ് പുരി ഉദ്ഘാടനം ചെയ്യുന്നു, എൻസിആർടിസി മാനേജിംഗ് ഡയറക്ടർ വിനയ് കുമാർ സിംഗ് സമീപം



## കെ.എസ്.ആർ.ടി.സി കണ്ടക്ടറുടെ ബാഗ് മോഷ്ടിച്ചു

**കുമളി:** രാത്രിയാത്ര അവസാനിപ്പിച്ച് ഡിപ്പോയിലേക്ക് പോകുകയായിരുന്ന കെ.എസ്.ആർ.ടി.സി ബസ് കണ്ടക്ടറുടെ പണം അടങ്ങിയ ബാഗ് മോഷണം പോയതായി പരാതി. കോട്ടയം-കുമളി റൂട്ടിൽ സർവിസ് നടത്തുന്ന ബസിൻറെ കണ്ടക്ടർ രജീഷിൻറെ (40) പക്കൽനിന്നാണ് ബാഗ് നഷ്ടപ്പെട്ടത്. ബാഗിൽ ടിക്കറ്റ് വരുമാനമായി ലഭിച്ച 17,196 രൂപയും മറ്റ് രേഖകളും ഉണ്ടായിരുന്നതായി കുമളി പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. ഞായറാഴ്ച രാത്രി 11.30ഓടെയാണ് സംഭവം. കോട്ടയത്തുനിന്ന് രാത്രി 11ന് കുമളി സ്റ്റാൻഡിലെത്തി യാത്രക്കാരെ ഇറക്കിയ ശേഷം ബസ് കുളത്തുപാലത്തെ ഡിപ്പോയിലേക്ക് പോകും വഴിയാണ് മോഷണം. ടൗണിലെ പെട്രോൾ പമ്പിനു സമീപം വാഹനം നിർത്തി ഡ്രൈവർക്കൊപ്പം കണ്ടക്ടർ ചായ കുടിക്കാൻ സമീപത്തെ പെട്ടിക്കടയിൽ എത്തി.ചായ കുടിക്കുന്നതിനിടെ അലമാരയിൽനിന്ന് പലഹാരം എടുക്കാൻ തിരിഞ്ഞ സന്ദർഭത്തിലാണ് ബാഗ് നഷ്ടപ്പെട്ടതെന്ന് കണ്ടക്ടർ പറഞ്ഞു. കടയിലെ ഭരണികൾക്കു മുകളിലാണ് ഈ സമയം ബാഗ് വെച്ചിരുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ സമീപത്തെ വ്യാപാര സ്ഥാപനങ്ങളിലെ സി.സി ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് മോഷ്ടാവിനെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ്.



## മത്സരിച്ച് കൂട്ടിനൽകി കടക്കെണിയിലായി

പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായവർദ്ധന ശക്തമായ എതിർപ്പുകൾ മൂലം മരവിപ്പിച്ചെങ്കിലും, ഏകീകരണത്തിലൂടെ ഘട്ടം ഘട്ടമായി വർദ്ധന നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് സൂചന.നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതോടൊപ്പം, അടുത്ത മൂന്ന് വർഷത്തെ സാമ്പത്തിക പ്രശ്നങ്ങൾ ലഘൂകരിക്കാനും ഉദ്ദേശിച്ചാണിത്.ഉമ്മൻചാണ്ടി സർക്കാർ 2013 ഏപ്രിൽ ഒന്ന് മുതലാണ് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 55ൽ നിന്ന് 56 ആയി ഏകീകരിച്ചത്. 2016ൽ അധികാരമേറ്റ ഒന്നാം പിണറായി സർക്കാരും ആ ഏകീകരണം തുടർന്നു. വീണ്ടും ഏകീകരണം നടപ്പാക്കുന്ന പക്ഷം സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കുറഞ്ഞത് 57ഉം, പൊതുമേഖലയിൽ ഇത് 60ഉം ആയി ഉയർന്നേക്കും. സാമ്പത്തിക കമ്മി നേരിടാൻ ചെലവ് കുറയ്ക്കൽ, ക്ഷേമ പദ്ധതികൾ നിയന്ത്രിക്കൽ, വായ്പാ പലിശ കുറയ്ക്കൽ, ജീവനക്കാരുടെ പുനർ വിന്യാസം, സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ, നിയമന നിരോധനം തുടങ്ങിയവയൊന്നും പ്രായോഗികമല്ലെന്നാണ് വിലയിരുത്തൽ. പെൻഷൻ പ്രായം കൂട്ടൽ പഠിക്കാൻ കഴിഞ്ഞ വർഷം സർക്കാർ നിയോഗിച്ച ജെ.ജോസ്, ടി.വി.ശേഖർ കമ്മിറ്റി റിപ്പോർട്ടിൽ ആരോഗ്യപരവും, സാമൂഹികവുമായ കാരണങ്ങളാൽ പെൻഷൻ പ്രായം കൂട്ടേണ്ടത് അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടിയിരുന്നു.മലയാളികളുടെ ശരാശരി ആയുസ് 1956ൽ 60ഉം പെൻഷൻ പ്രായം 55ഉം ആയിരുന്നു. 2013ൽ ശരാശരി ആയുസ് 65 ആയപ്പോൾ,പെൻഷൻ പ്രായം 56 ആക്കി. ഇപ്പോൾ ശരാശരി ആയുസ് 82.5 ആണെന്നാണ് കണക്ക്. അതിനാൽ, പെൻഷൻ പ്രായം 60 ആക്കണമെന്നാണ് ശുപാർശ. ആരോഗ്യമുള്ള സമൂഹത്തിൽ കുറഞ്ഞ വിരമിക്കൽ പ്രായം പെൻഷൻ ചെലവ് ഗണ്യമായി വർദ്ധിക്കാൻ ഇടവരുത്തും. നിലവിൽ, ജീവനക്കാരെക്കാൾ കൂടുതൽ പെൻഷൻകാരുണ്ട്.



## മുഖ്യമന്ത്രിയ്ക്കെതിരെ പിടിമുറുക്കാൻ ഗവർണർ; രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും കത്തയച്ചു, നടപടി വേണമെന്ന് ആവശ്യം

**ന്യൂഡൽഹി:** മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രിമാരുടെയും വിദേശ യാത്രയെക്കുറിച്ച് സൂചിപ്പിച്ച് രാഷ്ട്രപതിയ്ക്ക് കത്ത് നൽകി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.മുഖ്യമന്ത്രി ചട്ടം ലംഘിച്ചതായും വിദേശ യാത്രയ്ക്ക് പോകുമ്പോൾ പകരം ആർക്കാണ് ചുമതലയെന്നോ പത്ത് ദിവസത്തെ വിദേശ സന്ദർശനത്തെക്കുറിച്ചോ തന്നെ അറിയിച്ചില്ല എന്നും മന്ത്രിമാരും ഇക്കാര്യം അറിയിച്ചില്ലെന്നും സൂചിപ്പിച്ചാണ് രാഷ്ട്രപതിയ്ക്ക് ഗവർണർ കത്ത് നൽകിയത്. പ്രധാനമന്ത്രിയുടെ ഓഫീസിനും കത്തിന്റെ കോപ്പി കൈമാറിയിട്ടുണ്ട്. മുഖ്യമന്ത്രി ഗവർണർ പോരിൽ കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ ഓഫീസിനെ തന്നെ പരാമർശിച്ച് ഗവർണർ നടത്തിയ അഭിപ്രായങ്ങൾക്ക് പിന്നാലെയാണ് കത്തയച്ചിരിക്കുന്നത്. ഇന്ന് ആരംഭിക്കുന്ന സിപിഎം നേതൃയോഗങ്ങൾ ഗവർണർ-സർക്കാർ പോര് ചർച്ചയ്ക്കെടുക്കാനിരിക്കെയാണ് ഗവർണറുടെ നിർണായക നീക്കം.ഗവർണർ സർവ്വാധികാരി ചമയേണ്ടെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതികരണത്തിന് തിരിച്ചടിയായാണ് സ്വർണ്ണക്കടത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിന് ബന്ധമുണ്ടെന്ന ആരോപണവും സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലുകളും ആയുധമാക്കി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ശക്തമായി പ്രതികരിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിനും അദ്ദേഹവുമായി അടുപ്പമുള്ളവർക്കും സ്വർണ്ണക്കടത്തുമായി ബന്ധമുണ്ടെന്ന് തെളിഞ്ഞാൽ ഇടപെടുമെന്ന് ഇന്നലെ ഡൽഹിയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് ഗവർണർ മുന്നറിയിപ്പ് നൽകിയത്. അദ്ദേഹം ഇന്ന് സംസ്ഥാനത്ത് മടങ്ങിയെത്താനിരിക്കെയാണ് മുഖ്യമന്ത്രിയുമായി നേരിട്ടുള്ള ഏറ്റുമുട്ടൽ രൂക്ഷമാക്കുന്ന വെടിമരുന്നിട്ടത്.മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിന്റെയും സ്വപ്ന സുരേഷിന്റെയും പേര് പറയാതെ, എന്നാൽ സ്വപ്നയുടെ പുതിയ ആരോപണങ്ങളും അവരുടെ പുസ്തകത്തിലെ വെളിപ്പെടുത്തലുകളും ആയുധമാക്കിയാണ് ഗവർണർ ഇന്നലെ മറുപടി നൽകിയത്.



## ഹാർബർ പാലത്തിൻറെ ടവറിൽ കയറി യുവാവിൻറെ ആത്മഹത്യഭീഷണി

**തോപ്പുംപടി:** ഹാർബർ പാലത്തിൻറെ മധ്യഭാഗത്തെ ഉയരം കൂടിയ ടവറിൽ കയറി യുവാവിൻറെ ആത്മഹത്യഭീഷണി. മട്ടാഞ്ചേരി മരക്കടവ് സ്വദേശി കമാലാണ് (27) വ്യാഴാഴ്ച രാവിലെ ടവറിൽ കയറി ആത്മഹത്യഭീഷണി മുഴക്കിയത്.മഹാരാജാസ് കോളജിൽ കഴിഞ്ഞ ദിവസമുണ്ടായ സംഘർഷത്തെ തുടർന്ന് കസ്റ്റഡിയിലെടുത്ത സഹോദരൻ മാലിക്കിനെ കാണാൻ അനുവദിക്കണമെന്നും വിട്ടയക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു യുവാവിന്റെ പരാക്രമം. നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്ന് പൊലീസും അഗ്നിരക്ഷാ സേനയും സ്ഥലത്തെത്തി.തോപ്പുംപടി സബ് ഇൻസ്പെക്ടർ സെബാസ്റ്റ്യൻ പി. ചാക്കോയുടെ നേതൃത്വത്തിലുള്ള സംഘവും മട്ടാഞ്ചേരി അഗ്നിരക്ഷാനിലയത്തിൽനിന്ന് സ്റ്റേഷൻ ഓഫിസർ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള സംഘവും നാട്ടുകാരും ഏറെനേരം ശ്രമിച്ചെങ്കിലും യുവാവ് താഴെ ഇറങ്ങിയില്ല. ഡെപ്യൂട്ടി കമീഷണർ എസ്. ശശിധരനും അസി. കമീഷ്ണർമാരായ അരുൺ കെ. പവിത്രൻ, പി. രാജ്കുമാർ എന്നിവരെത്തി അനുനയിപ്പിച്ച് താഴെ ഇറക്കുകയായിരുന്നു.ഇയാൾക്കെതിരെ ആത്മഹത്യശ്രമത്തിന് കേസെടുത്തതായി തോപ്പുംപടി എസ്.ഐ സെബാസ്റ്റ്യൻ പി. ചാക്കോ പറഞ്ഞു. പിന്നീട് വീട്ടുകാർക്കൊപ്പം പറഞ്ഞുവിട്ടു. സംഭവത്തെ തുടർന്ന് ഒന്നരമണിക്കൂറോളം പാലത്തിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടു.

## യാത്രാ കോച്ചിൽ ഇനി വളർത്തു നായകളേയും ഒപ്പം കൂട്ടാം; ഫസ്റ്റ് ക്ലാസിലും ഫസ്റ്റ് എസിയിലും സൗകര്യം




**ചെന്നൈ:** യാത്രാ കോച്ചുകളിൽ ഇനി വളർത്തു നായകളേയും ഒപ്പം കൊണ്ടുപോകാം. ഫസ്റ്റ് ക്ലാസ് കോച്ച്, ഫസ്റ്റ് എസി കോച്ച് എന്നിവയിലോ, ലഗേജ് കം ബ്രേക്ക് വാനിലോ കൊണ്ടുപോകാം എന്നാണ് ദക്ഷിണ റെയിൽവേ അറിയിക്കുന്നത്.ബുക്ക് ചെയ്തതിന് ശേഷമാവും വളർത്തു നായ്ക്കൊപ്പം ട്രെയിനിൽ യാത്ര ചെയ്യാനാവുക. ഒരാൾക്ക് ഒരു നായയെ കൊണ്ടുപോകാനാണ് അനുമതി. നായയെ ബുക്ക് ചെയ്ത് കൊണ്ടുപോകാനായി യാത്രയ്ക്ക് മൂന്ന് മണിക്കൂർ മുൻപെങ്കിലും പാഴ്സൽ ഓഫീസിൽ എത്തിക്കണം.ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് എസി എന്നിവയിൽ 60 കിലോ ലഗേജിന് നൽകേണ്ട തുകയാണ് നായയെ കൊണ്ടുപോകുന്നതിനുള്ള പണമായി നൽകേണ്ടത്. യാത്രക്കാരന്റെ ടിക്കറ്റ് പിഎൻആർ നമ്പർ കാണിച്ച് പാഴ്സൽ ഓഫീസിൽ ഈ തുക അടയ്ക്കണം.നായ്ക്ക് രോഗമില്ലെന്ന് വ്യക്തമാക്കുന്ന വെറ്റിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് കയ്യിൽ കരുതണം. നായയുടെ വാക്സിൻ എടുത്തതിന്റെ രേഖകളും കാണിക്കണം. എന്നാൽ സെക്കൻഡ് എസി, തേർഡ് എസി, എ സി ചെയർ കാർ, സ്ലീപ്പർ എന്നിവയിലൊക്കെ നായയെ കൊണ്ടുപോയാൽ സാധാരണ നിരക്കിൽ നിന്ന് ആറ് ഇരട്ടിയാവും പിഴയായി നൽകേണ്ടത്.



## ഗവർണർക്കെതിരെ വീണ്ടും പ്രമേയം പാസാക്കി; വിജ്ഞാപനം ചട്ടവിരുദ്ധമെന്ന് സെനറ്റ് യോഗം

കേരള സർവകലാശാല വി സി നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിൽ പ്രതിനിധിയെ നിശ്ചയിക്കാതെ സെനറ്റ് യോഗം.ഗവർണർ സെർച്ച് കമ്മിറ്റി പിരിച്ചുവിട്ടാൽ പ്രതിനിധിയെ നൽകാമെന്നാണ് സെനറ്റിന്റെ നിലപാട്. ഗവർണർക്കെതിരെ സെനറ്റ് യോഗം വീണ്ടും പ്രമേയം പാസാക്കി. ഗവർണറുടെ നടപടി ചട്ടവിരുദ്ധമാണെന്നാണ് പ്രമേയം.ഗവർണറുടെ വിജ്ഞാപനം ചട്ടവിരുദ്ധമെന്ന് സിൻഡിക്കേറ്റ് അംഗം ബാബുജാൻ പറഞ്ഞു.ഏഴിനെതിരെ 50 വോട്ടുകൾക്കാണ് പ്രമേയം പാസാക്കിയത്.'ഞങ്ങൾ നിയമമാണ് ഉയർത്തിപ്പിടിക്കുന്നത്. നിയമപരായി നിലനിൽപ്പില്ലാത്ത കമ്മിറ്റിയുടെ പുറകേ പോയി സർവകലാശാല വീണ്ടും നിയമപ്രശ്നങ്ങളിൽ അകപ്പെടരുത്. സമർത്ഥനായ ഒരു വിസിയെ കേരള സർവകലാശാലയ്ക്ക് കിട്ടാനാണ് ചാൻസലറോട് അഭ്യർത്ഥിക്കുന്നത്. ഗവർണർക്കെതിരെയല്ല നീക്കമെന്നും ഗവർണറുടെ വിജ്ഞാപനം ചട്ടവിരുദ്ധമാണെന്നും സിൻഡിക്കറ്റ് അംഗം ബാബുജാൻ പ്രതികരിച്ചു.അതേസമയം പ്രതിഷേധങ്ങൾക്കിടെ സാങ്കേതിക സർവകലാശാല താത്കാലിക വി.സിയായി ഡോ.സിസാ തോമസ് ചുമതലയേറ്റു. ചുമതലയേറ്റെടുക്കാൻ വിസിക്ക് റജിസ്റ്റർ നൽകാതെയായിരുന്നു സർവകലാശാലയുടെ അസാധാരണ നടപടി. എസ്എഫ്ഐയുടെയും ഇടത് അനുകൂല സർവീസ് സംഘടനകളുടെയും പ്രതിഷേധ വലയം ഭേദിച്ചാണ് സിസാ തോമസ് ചുമതലയേറ്റെടുത്തത്. വിദ്യാർത്ഥികളുടെ പ്രതിഷേധം താൽകാലികമെന്നും തനിക്ക് ഒരു രാഷ്ട്രീയ പശ്ചാത്തലവും ഇല്ലെന്നും സിസ തോമസ് ട്വന്റിഫോറിനോട് പറഞ്ഞു.

## തൃശ്ശൂരിൽ കുതിരാനിലെ വനഭൂമിയിൽ അഴുകിയ നിലയിൽ മൃതദേഹം കണ്ടെത്തി



തൃശ്ശൂരിൽ കുതിരാൻ വഴക്കുംപാറയിലെ വനഭൂമിയിൽ തലയോട്ടിയും അഴുകിയ നിലയിലുള്ള മൃതദേഹം കണ്ടെത്തി.ഒരുമാസത്തിലധികം പഴക്കമുള്ള മൃതദേഹം പുരുഷൻറേതാണെന്നാണ് നിഗമനം.തലയോട്ടി കണ്ടെത്തിയ സ്ഥലത്ത് നിന്നും 60മീറ്ററോളം മാറിയാണ് മൃതദേഹം കണ്ടെത്തിയത്.അതേസമയം, വനത്തിലെ ബീറ്റ് ജോലിക്കിടെ ഫോറസ്റ്റ് വാച്ചർ ആണ് തലയോട്ടി കണ്ടെത്തിയത്.പീച്ചി പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ച് അന്വേഷണം ആരംഭിച്ചു.


ഫലപ്രദമായ പാരമ്പര്യ ചികിത്സ

ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.

ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക



അൽ–മദീന വൈദ്യ–കണ്ണൂർ

ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തളാപ്പ്, കണ്ണൂർ-4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്

ഫോൺ: 9388824933, 8129209023



# പിണറായി ഭരണത്തിൽ കേരളം പിശാചിന്റെ സ്വന്തം നാടായി മാറി: കെ.സുരേന്ദ്രൻ

തലശേരിയിൽ രാജസ്ഥാൻ സ്വദേശിയായ ആറുവയസുകാരൻ ബാലനെ ക്രൂരമായി അക്രമിച്ച ക്രിമിനലിനെ പൊലീസ് രക്ഷിക്കാൻ ശ്രമിച്ചത് കേരളത്തിന് നാണക്കേടാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ.പിണറായി ഭരണത്തിൽ കേരളം പിശാചിന്റെ സ്വന്തം നാടായി മാറി. നിർത്തിയിട്ട കാറിൽ ചാരിനിന്നതിനാണ് ശിഹാബ് എന്ന ക്രിമിനൽ ബാലനെ നടുവിന് ചവിട്ടിയത്. ആക്രമണത്തിൽ നടുവിന് പരുക്കേറ്റ അന്യസംസ്ഥാനക്കാരനായ കുട്ടിക്കൊപ്പം നിൽക്കാതെ ശിഹാബിനെ സംരക്ഷിക്കാനാണ് പൊലീസ് ശ്രമിച്ചതെന്ന് കെ.സുരേന്ദ്രൻ കുറ്റപ്പെടുത്തി.അക്രമിക്കെതിരെ കേസെടുക്കാതിരിക്കുകയും കുട്ടിയെ ആശുപത്രിയിൽ എത്തിക്കാതിരിക്കുകയും ചെയ്ത പൊലീസ് ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയത്. ക്രിമിനലുകളെ സംരക്ഷിച്ച പൊലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടിയെടുക്കണം. ബാലാവകാശ കമ്മിഷൻ സിപിഐഎം നേതാക്കളുടെ കുട്ടികൾക്ക് വേണ്ടി മാത്രം ഇടപെട്ടാൽ പോര തലശേരി വിഷയത്തിൽ നടപടിയെടുക്കണം. സംസ്ഥാനത്ത് നിന്നും ഓരോ ദിവസവും വരുന്ന വാർത്തകൾ മനുഷ്യത്വമുള്ളവരെ മുഴുവൻ ഞെട്ടിക്കുന്നതാണ്. ആഭ്യന്തരവകുപ്പ് പൂർണമായും പരാജയപ്പെട്ടതാണ് ഈ ദുരവസ്ഥയ്ക്ക് കാരണമെന്നും കെ.സുരേന്ദ്രൻ പറഞ്ഞു.



# കുത്തുകുഴി - അടിവാട്,അടിവാട് - കൂറ്റംവേലി റോഡുകളുടെ ഉദ്ഘാടനം മന്ത്രി മുഹമ്മദ് റിയാസ് നിർവ്വഹിച്ചു

**കോതമംഗലം:** ആധുനിക നിലവാരത്തിൽ നവീകരിച്ച പല്ലാരിമംഗലം പഞ്ചായത്തിലെ കുത്തുകുഴി - അടിവാട്,അടിവാട് - കൂറ്റംവേലി റോഡുകളുടെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവ്വഹിച്ചു.ചടങ്ങിൽ ആന്റണി ജോൺ എം എൽ എ അധ്യക്ഷത വഹിച്ചു. കുത്തുകുഴി - അടിവാട് റോഡ് 2 കോടി 50 ലക്ഷം രൂപയും,അടിവാട് - കൂറ്റംവേലി റോഡ് 5 കോടി രൂപയും ഉപയോഗിച്ചാണ് റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിച്ചത്.മൂവാറ്റുപുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഷിജി കരുണാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു.പഞ്ചായത്ത് പ്രസിഡന്റ് ഖദീജ മുഹമ്മദ്,ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ചെയർമാൻ ആർ അനിൽകുമാർ,സംസ്ഥാന യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ് സതീഷ്,ജില്ലാ പഞ്ചായത്ത് മെമ്പർ റാണി കുട്ടി ജോർജ്,ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിസാമോൾ ഇസ്മായിൽ,പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഒ ഇ അബ്ബാസ്,പഞ്ചായത്ത് മെമ്പർ എ എ രമണൻ,വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ ഷാജി മുഹമ്മദ്,പി റ്റി ബെന്നി,എം എം ബക്കർ,എം എം അഷറഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.ആലുവ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ ടി എസ് സുജാറാണി സ്വാഗതവും കോതമംഗലം നിരത്തി വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഷാജീവ് എസ് നന്ദിയും പറഞ്ഞു.



# വിഗ്രഹത്തിൽ നിന്ന് സ്വർണം മോഷ്ടിച്ച ശേഷം മുക്കുപണ്ടം ചാർത്തി പൂജാരി മുങ്ങി

**മകാസർകോഡ്:** വിഗ്രഹത്തിൽ നിന്ന് അഞ്ചര പവൻ തിരുവാഭരണങ്ങൾ കവർന്നശേഷം മുക്കുപണ്ടം ചാർത്തി ക്ഷേത്ര പൂജാരി മുങ്ങിയതായി പരാതി. കാസർകോട് മഞ്ചേശ്വരം ഹൊസബെട്ടു, മങ്കേ മഹാലക്ഷ്മി, ശാന്താ ദുർഗാ ദേവസ്ഥാനത്തു നിന്നാണ് തിരുവാഭരണങ്ങൾ കവർന്ന ശേഷം ക്ഷേത്ര പൂജാരി മുങ്ങിയത്. ക്ഷേത്ര പൂജാരിയായിരുന്ന തിരുവനന്തപുരം സ്വദേശി ദീപക് നമ്പൂതിരിക്കെതിരെ മഞ്ചേശ്വരം പൊലീസ് കേസെടുത്തു.കഴിഞ്ഞ മാസം 29 ന് വൈകുന്നേരമാണ് ദീപക് നമ്പൂതിരി ക്ഷേത്രത്തിൽ നിന്ന് മുങ്ങിയത്. ഏറെ വൈകിയിട്ടും തിരിച്ചെത്താത്തതിനാൽ ക്ഷേത്ര ട്രസ്റ്റികൾ പൂജാരി താമസിക്കുന്ന വാടക വീട്ടിൽ അന്വേഷിക്കാനെത്തിയപ്പോൾ വീട് പൂട്ടിയ നിലയിലായിരുന്നു. നേരത്തെ ക്ഷേത്രത്തിലെ പൂജാരിയായിരുന്ന കർണാടക സിദ്ധാപുരം സ്വദേശിയായ ശ്രീധരഭട്ട് എത്തി പൂജയ്ക്കായി ശ്രീകോവിൽ തുറന്നപ്പോഴാണ് വിഗ്രഹത്തിൽ പുതിയ ആഭരണങ്ങൾ ചാർത്തിയ നിലയിൽ കണ്ടെത്തിയത്.ഇക്കാര്യം ക്ഷേത്ര ഭാരവാഹികളോട് പറഞ്ഞപ്പോഴാണ് സംഭവം പുറം ലോകമറിഞ്ഞത്. സ്വർണപ്പണിക്കാരൻ എത്തി പരിശോധന നടത്തിയപ്പോൾ ആഭരണങ്ങൾ മുക്കുപണ്ടമാണെന്ന് വ്യക്തമാവുകയായിരുന്നു.

# കോയമ്പത്തൂർ സ്ഫോടനം നടത്താൻ ഐഎസ് രീതി അവലംബിച്ചു: കുളിച്ച് ശരീരത്തിലെ മുഴുവൻ രോമവും വടിച്ചു, കുറിപ്പെഴുതി



**കോയമ്പത്തൂർ:** കോയമ്ബത്തൂരിൽ ചാവേർ സ്ഫോടനം ഇസ്ലാമിക് സ്റ്റേറ്റ് മാതൃകയിലെന്ന് പൊലീസ്.ദീപാവലിയുടെ തലേദിവസം സംഗമേശ്വര ക്ഷേത്രത്തിന് സമീപം സ്ഫോടനം നടത്താൻ ഐഎസ് ഭീകരർ സ്വീകരിക്കുന്ന മാർഗങ്ങളാണ് ജമേഷ മുബീനും സ്വീകരിച്ചതെന്നാണ് റിപ്പോർട്ട്. ആക്രമണത്തിന് മുമ്ബ് ഇയാൾ കുളിച്ച് വസ്ത്രം മാറും മുമ്ബ് ശരീരത്തിലെ മുഴുവൻ രോമവും വടിച്ചു കളഞ്ഞിരുന്നു.സ്ഫോടനം നടത്താൻ ഐഎസ് രീതിയാണ് ഇയാൾ പിന്തുടർന്നതെന്ന് പൊലീസ് പറഞ്ഞു. കൃത്യത്തിന് പുറപ്പെടും മുമ്ബ് പ്രാർഥിക്കുകയും ചോക്കുപയോഗിച്ച് സ്ലേറ്റിൽ ഐഎസ് പതാക വരക്കുകയും ചെയ്തെന്ന് പൊലീസ് പറഞ്ഞു. 'അല്ലാഹുവിൻറെ ഭവനം തൊടാൻ ധൈര്യപ്പെടുന്നവൻ നശിക്കും'- എന്ന വാചകമാണ് ഇയാൾ തമിഴിൽ സ്ലേറ്റിൽ എഴുതിയത്.സ്ഫോടനത്തിൽ മൃതദേഹം കത്തിക്കരിഞ്ഞിരുന്നു. ലഭ്യമായ ശരീരഭാഗങ്ങളുടെ പരിശോധനയിൽ ഇയാൾ ശരീരത്തിലെ മുഴുവൻ രോമവും വടിച്ചുകളഞ്ഞിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കുളിച്ച് വസ്ത്രം മാറും മുമ്ബ് രോമം വടിച്ചുകളയാൻ ഉപയോഗിച്ച ട്രിമ്മറും പൊലീസ് കണ്ടെത്തി. ശ്രീലങ്കൻ സ്ഫോടനത്തിൻറെ സൂത്രധാരൻ മൗലവി സെഹ്റാൻ ബിൻ ഹാഷിം ഇയാളെ സ്വാധീനിച്ചിരുന്നെന്നും പൊലീസ് വ്യക്തമാക്കി. വിശുദ്ധ യുദ്ധത്തിൽ ജിഹാദ് യുവാക്കളുടെ കടമയാണെന്നും കുട്ടികളുടെയും വയോധികരുടെയും ഉത്തരവാദിത്തമല്ലെന്നും മുബീൻ പേപ്പറിൽ എഴുതിയിരുന്നു.മനുഷ്യരെ മുസ്ലീങ്ങളും കാഫിറുകളും മാത്രമായിട്ടാണ് ഇയാൾ വേർതിരിച്ചതെന്നും പൊലീസ് പറഞ്ഞു. കോയമ്ബത്തൂർ മെഡിക്കൽ കോളേജിലാണ് ഇയാളുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയച്ചത്. ഇയാളുടെ പൊട്ടിത്തെറിച്ച കാറിൽ നിന്നും ഗ്യാസ് സിലിണ്ടറുകളും മറ്റ് സ്ഫോടക വസ്തുക്കളും പൊലീസ് കണ്ടെടുത്തിരുന്നു. ദേശീയ അന്വേഷണ ഏജൻസ് (എൻഐഎ) ആണ് കേസ് ഇപ്പോൾ അന്വേഷിക്കുന്നത്.



# മെസി ബൈജൂസിന്റെ ബ്രാൻഡ് അംബാസഡർ

**ന്യൂഡൽഹി:** അർജന്റീന ഫുട്ബോൾ താരം മെസി പ്രമുഖ ലേണിങ് ആപ്പായ ബൈജൂസിന്റെ അംബാസഡർ.മെസി ബൈജൂസിന്റെ ഗ്ലോബൽ അംബാസഡറാകുന്നതിനുള്ള കരാറിൽ ഒപ്പുവെച്ചു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തോട് താൽപര്യമെന്ന് മെസി പറഞ്ഞതായി ബൈജൂസ് അറിയിച്ചു.ബൈജൂസിന്റെ സാമൂഹിക പ്രതിബദ്ധത പരിപാടിയുടെ അംബാസഡർ ആകാനാണ് ധാരണയായത്. എല്ലാവർക്കും വിദ്യാഭ്യാസം എന്ന പരിപാടിയുടെ അംബാസഡറായാണ് മെസി പ്രവർത്തിക്കുക.ലയണൽ മെസിയുമായി സഹകരിക്കാൻ കഴിഞ്ഞത് ഒരു അഭിമാനമായാണ് കാണുന്നതെന്ന് ബൈജൂസ് പ്രസ്താവനയിൽ പറഞ്ഞു. താഴെക്കിടയിൽ നിന്ന് വളർന്നുവന്ന് വലിയ കായിക താരമായി വിജയിച്ച ആളാണ് മെസി. എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ആശയം നിറവേറ്റാൻ മെസിയുടെ സഹകരണം കമ്ബനിക്ക് പ്രചോദനമാകുമെന്നും ബൈജൂസ് അറിയിച്ചു.



# കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ഡിവൈഡറിൽ ഇടിച്ചുകയറി

**കേച്ചേരി:** കൈപ്പറമ്പിൽ കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസ് ഡിവൈഡറിൽ ഇടിച്ചു കയറി. അപകടത്തിൽ ആർക്കും പരിക്കില്ല. കാസർകോട്ടുനിന്ന് യാത്രക്കാരുമായി പത്തനംതിട്ടയിലേക്ക് പോയിരുന്ന ബസാണ് കൈപ്പറമ്പ് കയറ്റത്ത് അപകടത്തിൽപ്പെട്ടത്.ഏതാണ്ട് 50 മീറ്റർ ദൂരം ബസ് ഡിവൈഡറിനു മുകളിലൂടെ സഞ്ചരിച്ചു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. സംഭവമറിഞ്ഞ് പേരാമംഗലം പൊലീസും ഹൈവേ പൊലീസും സ്ഥലത്തെത്തി. യാത്രക്കാരെ മറ്റൊരു കെ.എസ്.ആർ.ടി.സി ബസിൽ കയറ്റിവിട്ടു. റോഡിലെ വെളിച്ചക്കുറവാണ് അപകടത്തിന് പ്രധാന കാരണമെന്ന് പറയുന്നു.ഡിവൈഡറുകളിൽ റിഫ്ലക്ടറുകൾ സ്ഥാപിക്കാത്തതും അപകട സൂചന ബോർഡുകൾ സ്ഥാപിക്കാത്തതും മൂലം ഇവിടെ രാത്രി വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് പതിവാണ്.



# പക്ഷിപ്പനി ഇവിടെ; രോഗനിർണയം ഭോപാലിൽ

**ആലപ്പുഴ:** മൃഗങ്ങളുടെ രോഗ നിർണയത്തിന് സംസ്ഥാന സർക്കാറിന്റെ നിയന്ത്രണത്തിലുള്ള തിരുവല്ല മഞ്ഞാടിയിലെ ലാബ് ബയോസേഫ്റ്റി ലെവൽ മൂന്ന് (ബി.എസ്.എൽ -3) നിലവാരത്തിലേക്ക് ഉയർത്താൻ 10 മാസം മുമ്പ് മൃഗസംരക്ഷണ വകുപ്പ് സമർപ്പിച്ച 50 ലക്ഷത്തിന്റെ പദ്ധതി കടലാസിൽ ഒതുങ്ങി.നിലവിൽ ലാബിന് ബി.എസ്.എൽ രണ്ട് പദവിയാണുള്ളത്. ഒട്ടുമിക്ക വൈറസുകളെയും കണ്ടെത്താനുള്ള പരിശോധന സംവിധാനം ഇവിടെയുണ്ട്. പദവി ഉയർന്നാൽ പരിശോധന ഫലം വേഗം കിട്ടുന്നതിനൊപ്പം വൈറസ് രോഗങ്ങളെക്കുറിച്ച് നിരന്തര ഗവേഷണം നടത്താനും കഴിയും. പള്ളിപ്പാട്ട് കൂട്ടത്തോടെ ചത്ത താറാവുകളുടെ രക്തസാമ്പിൾ ആദ്യം മഞ്ഞാടിയിലെ സർക്കാർ ലാബിൽ പരിശോധിച്ചപ്പോൾ പക്ഷിപ്പനി പരത്തുന്ന എച്ച്5 എൻ1 വിഭാഗത്തിൽപെട്ട വൈറസുകളെ കണ്ടെത്തിയിരുന്നു.രോഗം സ്ഥിരീകരിക്കാനുള്ള അധികാരം മഞ്ഞാടിയിലെ സർക്കാർ ലാബിന് ഇല്ലാത്തതിനാൽ സാമ്പിളുകൾ ഭോപാലിലെ വെറ്ററിനറി ഹൈ സെക്യൂരിറ്റി വൈറോളജി ലാബിൽ പരിശോധിച്ചാണ് ഫലം പ്രഖ്യാപിച്ചത്. ഭോപാലിൽ അയച്ച് ഫലം വരുമ്പോഴേക്ക് പക്ഷിപ്പനി വ്യാപനം സംഭവിച്ചുകഴിയും. ഭോപാലിലെ ലാബിൽനിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരത്തുക നൽകുന്നത്.കേന്ദ്രവും സംസ്ഥാനവും 50 ശതമാനം വീതം തുകയാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ ഔദ്യോഗിക കണക്കനുസരിച്ച് ജില്ലയിൽ 107 കർഷകർ അഞ്ചു ലക്ഷത്തോളം താറാവുകളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1000 മുതൽ 22,000 വരെ താറാവുകൾ വളർത്തുന്ന കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഭോപാലിലെ വെറ്ററിനറി ഹൈ സെക്യൂരിറ്റി വൈറോളജി ലാബിൽ പക്ഷിപ്പനി സ്ഥിരീകരിച്ചാൽ പരിശോധന ഫലം ലാബിൽനിന്ന് ആദ്യം കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന് കൈമാറും. ഫലം പരിശോധിച്ച ശേഷം വകുപ്പ് രോഗ നിയന്ത്രണത്തിന് എടുക്കേണ്ട നിർദേശങ്ങളോടെ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകും. ചീഫ് സെക്രട്ടറി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കൈമാറും.രോഗ നിയന്ത്രണത്തിന് കേന്ദ്ര നിർദേശം അനുസരിച്ച് താറാവുകൾക്ക് വാക്സിൻ നൽകുകയോ കൊന്നൊടുക്കുകയോ ആണ് പതിവ്. ഇത്രയും നടപടികൾ പൂർത്തീകരിക്കാൻ കുറഞ്ഞത് ഒരാഴ്ച വേണ്ടിവരും. ഫലം വൈകുന്നത് വൈറസ് വ്യാപനത്തിന് കാരണമാകും. സാമ്പിളുകൾ വിമാനമാർഗമാണ് ഭോപാലിൽ എത്തിക്കുന്നത്. ഇതിനായി കഴിഞ്ഞ വർഷം മാത്രം ചെലവഴിച്ചത് ഒരു ലക്ഷത്തോളം രൂപയാണ്. എയർ ഇന്ത്യ ഒഴികെയുള്ള വിമാന കമ്പനികൾ സാമ്പിളുകൾ കൊണ്ടുപോകാൻ വിസമ്മതിക്കുന്നതും പ്രതിസന്ധിയാണ്.അടിക്കടി ജില്ലയിൽ താറാവുകൾക്ക് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ മഞ്ഞാടിയിലെ ലാബ് കേന്ദ്ര മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധന ഫലം പ്രഖ്യാപിക്കാനുള്ള അധികാരത്തോടെ ബയോസേഫ്റ്റി ലെവൽ മൂന്ന് നിലവാരത്തിലേക്ക് ഉയർത്താൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദം ചെലുത്തി അംഗീകാരം നേടണമെന്നതാണ് കർഷകരുടെ മുഖ്യ ആവശ്യം.



# ശസ്ത്രക്രിയക്ക് കൈക്കൂലി വാങ്ങിയ നേത്രരോഗ വിദഗ്ധൻ വിജിലൻസ് പിടിയിൽ

**പത്തനംതിട്ട:** പത്തനംതിട്ടയിൽ കൈക്കൂലി വാങ്ങുന്നതിനിടെ സർക്കാർ ഡോക്ടർ പിടിയിൽ. പത്തനംതിട്ട ഗവ. താലൂക്ക് ആശുപത്രിയിലെ നേത്രരോഗ വിദഗ്ധൻ ഡോക്ടർ ഷാജി മാത്യുവിനെയാണ് കൈക്കൂലി വാങ്ങുന്നതിനിടെ വെള്ളിയാഴ്ച രാവിലെ വിജിലൻസ് പിടികൂടിയത്.ശസ്ത്രക്രിയക്കായി എത്തുന്ന രോഗികളിൽ നിന്ന് കൈക്കൂലി വാങ്ങുന്നുവെന്ന പരാതിയെ തുടർന്നാണ് വിജിലൻസ് എത്തിയത്. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നതിനു രോഗിയുടെ മകന്റെ കയ്യിൽ നിന്ന് 3000 രൂപ കൈക്കൂലി വാങ്ങുന്നതിനിടയിലാണ് വിജിലൻസിന്റെ പിടിയിലായത്. ഇയാളുടെ പക്കൽ നിന്ന് 3000 രൂപ കണ്ടെടുത്തു.



*കേരള ഗവൺമന്റ് ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് ഫെഡറേഷന്റെ (കെ.ജി.എ എം.ഒ എഫ്) മാധ്യമ പുരസ്കാരം ഔഷധി ചെയർപേഴ്സൺ ശോഭന ജോർജ് ജി.എസ് ജിജുവിന് നൽകുന്നു ഡോ: ദുർഗ്ഗ പ്രസാദ്, ഡോ: പി.ആർ ജയ , പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ എന്നിവർ സമീപം*

# കെടിയുവിൽ സംഘർഷം; ഡോ. സിസ തോമസിനെ എസ്എഫ്ഐയും ജീവനക്കാരും തടഞ്ഞു, ഒപ്പിടാൻ രജിസ്റ്റർ നൽകിയില്ല, ചുമതല ഏറ്റെടുക്കാനാവാതെ വി.സി



**തിരുവനന്തപുരം:** കേരള സാങ്കേതിക സർവകലാശാലയിൽ താൽക്കാലിക വൈസ് ചാൻസലറായി ചുമതല ഏറ്റെടുക്കാനെത്തിയ ഡോ. സിസ തോമസിനെ തടഞ്ഞ് എസ് എഫ് ഐ.തുടർന്ന് പൊലീസ് സംരക്ഷണത്തോടെയാണ് ഇവർ സർവകലാശാലയ്ക്കുള്ളിൽ പ്രവേശിച്ചത്. വിദ്യാർത്ഥികളും ജീവനക്കാരും ഉൾപ്പെടെയുള്ളവരാണ് സംഘർഷം നടത്തുന്നത്. പ്രതിഷേധം പ്രതീക്ഷിച്ചാണ് എത്തിയതെന്ന് ഡോ. സിസ പ്രതികരിച്ചു.ഒപ്പിടാനുള്ള രജിസ്റ്റർ നൽകാത്തതിനാൽ ചുമതലയേൽക്കാൻ ഡോ. സിസയ്ക്കായിട്ടില്ല. ഡെപ്യൂട്ടി രജിസ്ട്രാർ ഉൾപ്പടെയുള്ളവർ സമരത്തിലാണ്. രാവിലെ ക്യാമ്ബസിൽ കാറിൽ എത്തിയ ഡോ. സിസയെ കവാടത്തിൽ വച്ച് എസ് എഫ് ഐയും ജീവനക്കാരും തടയുകയായിരുന്നു. തുടർന്ന് പോലീസിന്റെ സഹായത്തോടെ ഇവർ ക്യാമ്ബസിൽ പ്രവേശിക്കുകയായിരുന്നു.ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് വിസി ചുമതല നൽകുക എന്ന സർക്കാർ ശുപാർശ പാടെ അവഗണിച്ച് കൊണ്ടാണ് കേരള ഗവർണർ തന്റെ ചാൻസലർ അധികാരം വിനിയോഗിച്ച് നിയമന ഉത്തരവിറക്കിയത്. മുൻ കെടിയു വിസിയായിരുന്ന രാജശ്രീയെ അയോഗ്യത മൂലം സുപ്രീം കോടതി പുറത്താക്കിയതിന് പിന്നാലെയാണ് ഡോക്ടർ സിസ തോമസിന് പുതിയ വിസിയായി ചുമതല നൽകിക്കൊണ്ടുള്ള നടപടി രാജ്ഭവൻ സ്വീകരിച്ചത്.





# പെരുമ്പളം പാലം സ്വപ്നപദ്ധതി യാഥാർത്ഥ്യമാകുന്നു

**ആലപ്പുഴ:** ദ്വീപ് പഞ്ചായത്തായ പെരുമ്പളം നിവാസികളുടെ ചിരകാല സ്വപനമായ പാലം യഥാർഥ്യമാകുന്നു. നിലവിൽ പാലത്തിന്റെ തൂണുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബീമിന്റെ നിർമാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. പൈലിംഗ്, പൈൽ ക്യാപ്, തൂണുകളുടെ നിർമാണം അടക്കം കായലിനു കുറുകെയുള്ള നിർമാണ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായി. നിർമാണം പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും വലിയ പാലമായി ഇത് മാറും. വേമ്പനാട് കായലിന് കുറുകെ നിർമിക്കുന്ന പാലം പെരുമ്പളം ദ്വീപിനെ വടുതല ഭാഗവുമായാണ് ബന്ധിപ്പിക്കുന്നത്. കരയിൽ വരുന്ന രണ്ട് തൂണുകൾ അടക്കം 31 തൂണുകളിലാണ് പാലം നിലയുറപ്പിക്കുന്നത്. 1110 മീറ്റർ നീളവും 11 മീറ്റർ വീതിയുമുള്ള പാലം കിഫ്ബി മുഖേന 100 കോടി രൂപ ചെലവഴിച്ചാണ് നിർമിക്കുന്നത്. രണ്ടുവരി ഗതാഗതത്തിന് യോഗ്യമായ 7.5 മീറ്റർ വീതിയുള്ള റോഡും ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയുമുണ്ട്. 35 മീറ്റർ വീതം നീളമുള്ള 27 സ്പാനുകളാണ് പാലത്തിലുള്ളത്. ദേശീയ ജലപാത മാനദണ്ഡപ്രകാരം 55 മീറ്റർ ഉരയരത്തിലാണ് മധ്യഭാഗത്തെ മൂന്ന് സ്പാനുകൾ നിർമിക്കുക. ബോസ്ട്രിങ് ആർച്ച് മാതൃകയിലാണ് പാലം. വടുതല ഭാഗത്ത് 300 മീറ്റർ നീളത്തിലും പെരുമ്പളത്ത് 250 മീറ്റർ നീളത്തിലും അപ്രോച്ച് റോഡും നിർമിക്കും. പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ ജോലികൾ പുരോഗമിക്കുകയാണ്. കഴിഞ്ഞ ജൂണിൽ ദ്വീപ് സന്ദർശിച്ച പൊതുമരമാത്ത് മന്ത്രി മുഹമ്മദ് റിയാസ് 2023 ഡിസംബറോടെ പാലം തുറന്നു നൽകാനാകുമെന്ന് അറിയിച്ചിരുന്നു. ഒരു വർഷം മാത്രം ബാക്കി നിൽക്കെ പ്രഖ്യാപനം യാഥാർഥ്യമാക്കാനുള്ള ശ്രമത്തിലാണ് നിർമാണ കരാർ ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി. 2019-ൽ മുഖ്യമന്ത്രി നേരിട്ടെത്തിയാണ് പാലത്തിന്റെ നിർമാണോദ്ഘാടനം നിർവഹിച്ചത്. നിലവിൽ 40 ശതമാനം പ്രവൃത്തികളാണ് പൂർത്തയാക്കിയത്. നാലുവശവും വേമ്പനാട് കായലിനാൽ ചുറ്റപ്പെട്ട പഞ്ചായത്താണ് പെരുമ്പളം. പാലം വരുന്നതോടെ നാട്ടുകാരുടെയും ഇവിടേക്ക് എത്തുന്നവരുടെയും യാത്രാ ദുരിതത്തിന് ശാശ്വത പരിഹാരമാകും. പാലത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് ദലീമ ജോജോ എം.എൽ.എ. പറഞ്ഞു.

## മൂല്യ വർദ്ധിത ഉത്പന്നങ്ങളിൽ പ്രായോഗിക പരിശീലനം

**ആലപ്പുഴ:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റിന്റെ നേതൃത്വത്തിലുള്ള അഗ്രോ ഇൻക്യൂബേഷൻ ഫോർ സസ്റ്റയിനബിൾ എന്റർപ്രണർഷിപ്പ് പരിപാടിയുടെ ഭാഗമായി പഴം, പച്ചക്കറി, ധാന്യം എന്നിവയിൽ നിന്നും ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പ്രായോഗിക പരിശീലനം നൽകുന്നു.കച്ചവടത്തിന്റ നിയമ വശങ്ങൾ, ബാങ്കിൽ നിന്ന് ലഭിക്കുന്ന സമ്പത്തിക സഹായങ്ങൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ തുടങ്ങിയ സെഷനുകളും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ അഗ്രി ബിസിനസ് ഇൻക്യുബേറ്ററിൽ വെച്ച് നവംബർ 15 മുതൽ 19 വരെയാണ് പരിശീലനം. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, ജി.എസ്.ടി. ഉൾപ്പടെ 1180 രൂപയാണ് അഞ്ച് ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ ംംം.സശലറ.ശിളീ എന്ന വെബ്സൈറ്റിലൂടെ നവംബർ എട്ടിനകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2532890/2550322/ 9605542061.

## സ്ത്രീശാക്തീകരണ റാലിയും പൊതുസമ്മേളനവും ഇന്ന്

**ആലപ്പുഴ:** സ്ത്രീശാക്തീകരണ പരിപാടികളുടെ ഭാഗമായുള്ള റാലിയും പൊതുസമ്മേളനവും ഇന്ന് (ശനി) നടക്കും. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് നഗരചത്വരത്തിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. റാലി ഫ്ളാഗ് ഓഫ് ചെയ്യും. 4.30-ന് ആലപ്പുഴ ടൗൺ ഹാളിൽ നടക്കുന്ന പൊതുസമ്മേളനം എ.എം. ആരിഫ് എം.പി. ഉദ്ഘാടനം ചെയ്യും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി അധ്യക്ഷത വഹിക്കും. എച്ച്. സലാം എം.എൽ.എ മുഖ്യപ്രഭാഷണം നടത്തും.രാജാറാം മോഹൻ റായി ലൈബ്രറി ഫൗണ്ടേഷൻ, ജില്ല ഭരണകൂടം, ആലപ്പുഴ നഗരസഭ, ജില്ല പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, ജില്ല ഇൻഫർമേഷൻ ഓഫീസ്, സാക്ഷരതാ മിഷൻ എന്നിവർ ചേർന്നാണ് പരിപാടി നടത്തുന്നത്.ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ സൗമ്യ രാജ്, കൗൺസിലർ കവിത, ഡെപ്യൂട്ടി കളക്ടർ ആർ. സുധീഷ്, സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ. മധു, ജില്ല പ്രസിഡന്റ് അലിയാർ എം. മാക്കിയിൽ, സെക്രട്ടറി ടി. തിലകരാജ്, ജോയിന്റ് സെക്രട്ടറി അജയ സുധീന്ദ്രൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ജി. കൃഷ്ണകുമാർ, കുടുംബശ്രീ മിഷൻ ജില്ല കോ-ഓർഡിനേറ്റർ ജെ. പ്രശാന്ത് ബാബു, സാക്ഷരത മിഷൻ ജില്ല കോ-ഓർഡിനേറ്റർ കെ.വി. രതീഷ്, ദീപ്തി അജയകുമാർ, കെ.കെ. സുലൈമാൻ തുടങ്ങിയവർ പങ്കെടുക്കും.നവംബർ ആറിന് ജില്ലയിലെ ഗ്രന്ഥശാലകളിലെ ബാലവേദി വിദ്യാർഥികൾക്കായി പുന്നപ്ര ഗവൺമെന്റ് ജെ.ബി. സ്കൂളിൽ വെച്ച് ചിത്രരചനാ മത്സരവും നടത്തും.

## പക്ഷിപ്പനി: പക്ഷികളുടെ ഉപയോഗവും വിപണനവും കടത്തലും നിരോധിച്ചു

**ആലപ്പുഴ :** ചെറുതന ഗ്രാമ പഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പുറക്കാട്, അമ്പലപ്പുഴ വടക്ക്, ചമ്പക്കുളം, രാമങ്കരി, തലവടി, മുട്ടാർ, എടത്വ, തകഴി, കരുവാറ്റ, ചെറുതന, വിയപുരം, പള്ളിപ്പാട്, തൃക്കുന്നപ്പുഴ, കാർത്തികപ്പള്ളി, ചെന്നിത്തല, കുമാരപുരം എന്നീ പഞ്ചായത്തുകളിലും ഹരിപ്പാട് നഗരസഭയിലും താറാവ്, കോഴി, കാട, മറ്റ് വളർത്ത് പക്ഷികൾ, ഇവയുടെ ഇറച്ചി, മുട്ട, കാഷ്ടം (വളം) എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും നവംബർ ഒൻപത് വരെ നിരോധിച്ച് ജില്ല കളക്ടർ ഉത്തരവായി. ഈ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാരും അമ്പലപ്പുഴ, കാർത്തികപ്പള്ളി, കുട്ടനാട്, മാവേലിക്കര തഹസീൽദാർമാരും പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്താനും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

# നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കും: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശ പര്യടനത്തിൽ ഹെൽത്ത് പ്രൊഫഷണലുകളെ വലിയ രീതിയിൽ ആവശ്യമാണെന്ന് മനസിലായിട്ടുണ്ട്. അതേസമയം സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണവും കൂടി വരുന്നു. സംസ്ഥാനത്തിന് ആവശ്യമുള്ളവരുടേയും പുറത്ത് പോകാൻ താത്പര്യമുള്ളവരുടേയും എണ്ണം കണക്കിലെടുത്ത് കൂടുതൽ സീറ്റുകൾ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. അതിനനുസരിച്ചുള്ള ഇടപെടൽ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ പുരോഗതിയും പുതിയ കോളേജുകൾ ആരംഭിക്കുന്നതുമായും ബന്ധപ്പെട്ട യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.സർക്കാർ മേഖലയിൽ നിലവിലെ സീറ്റുകളുടെ എണ്ണം കൂട്ടുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിക്കാൻ മന്ത്രി നിർദേശം നൽകി. നാഷണൽ നഴ്സിംഗ് കൗൺസിൽ മാനദണ്ഡമനുസരിച്ച് ഗുണനിലവാരം ഉറപ്പാക്കും. സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നഴ്സിംഗ് കോളേജുകളും ഹെൽത്ത് സർവീസിന് കീഴിൽ നഴ്സിംഗ് സ്കൂളുകളുമുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലും നഴ്സിംഗ് കോളേജുകളുണ്ട്. രണ്ട് സർക്കാർ മെഡിക്കൽ കോളേജുകളും രണ്ട് സർക്കാർ നഴ്സിംഗ് കോളേജുകളും അഞ്ച് സ്വകാര്യ നഴ്സിംഗ് കോളേജുകളും മാനദണ്ഡങ്ങൾ പാലിച്ച് ഈ വർഷം പുതുതായി ആരംഭിച്ചിരുന്നു. 510 നഴ്സിംഗ് സീറ്റുകളാണ് ഈ വർഷം വർധിപ്പിക്കാനായത്. പോസ്റ്റ് ബേസിക് നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കാനും നിർദേശം നൽകി.

സംസ്ഥാനത്ത് ബി.എസ്.സി. നഴ്സുമാരുടെ എണ്ണം ഗണ്യമായി വർധിപ്പിക്കണം. ക്രിട്ടിക്കൽ കെയർ, സൈക്യാട്രി തുടങ്ങിയ എം.എസ്.സി. നഴ്സിംഗ് വിഭാഗത്തിൽ കൂടുതൽ വിദ്യാർത്ഥികളെ സൃഷ്ടിക്കാനാകണം. തിരുവനന്തപുരം, ആലപ്പുഴ നഴ്സിംഗ് കോളേജുകളിൽ എം.എസ്.സി. സൈക്യാട്രി നഴ്സിംഗ് ആരംഭിക്കും. അടുത്ത വർഷം മുതൽ എം.എസ്.സി. നഴ്സിംഗിൽ പുതിയ സ്പെഷ്യാലിറ്റികൾ ആരംഭിക്കും. ഈ വർഷം തന്നെ നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ നഴ്സിംഗ് കോളേജുകളിൽ അടുത്ത സാമ്പത്തിക വർഷത്തേക്ക് നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ നൽകാൻ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്ക് മന്ത്രി നിർദേശം നൽകി. ഈ ലക്ഷ്യം കൈവരിക്കാൻ ആരോഗ്യ സർവകലാശാല, നഴ്സിംഗ് കൗൺസിൽ എന്നിവരുടെ പിന്തുണയും മന്ത്രി അഭ്യർത്ഥിച്ചു. നഴ്സിംഗ് മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തി.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. കാർത്തികേയൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. നന്ദകുമാർ, നോഡൽ ഓഫീസർ ഡോ. ഹബീബ്, ജോ. നഴ്സിംഗ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സലീന ഷാ, അഡീ. ഡയറക്ടർ നഴ്സിംഗ് എം.ജി. ശോഭന, ആരോഗ്യ സർവകലാശാല രജിസ്ട്രാർ ഡോ. മനോജ്, നഴ്സിംഗ് കൗൺസിൽ രജിസ്ട്രാർ സുലേഖ, നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർ എന്നിവർ പങ്കെടുത്തു.






# വി ആപ്പിൽ ലൈവ് മ്യൂസിക് കൺസർട്ട്

**കൊച്ചി:** സംഗീത പ്രേമികളായ ഉപഭോക്താക്കൾക്കായി വോഡഫോൺ ഐഡിയ (വി) ഇന്ത്യയിലെ മികച്ച കലാകാരന്മാരുടെ ലൈവ് മ്യൂസിക് കൺസർട്ട് എല്ലാ ആഴ്ചയും വി ആപ്പിൽ അവതരിപ്പിക്കും. വി മ്യൂസിക് ഈവൻറ്സ് എന്നു പേരിട്ടിരിക്കുന്ന ഈ സംഗീത പരിപാടി ഹംഗാമ മ്യൂസിക്കുമായി ചേർന്നാണ് വി ആപ്പിൽ ലഭ്യമാക്കുന്നത്.ഇതോടെ വോഡഫോൺ ഐഡിയ ഉപഭോക്താക്കൾക്ക് എല്ലാ വെള്ളിയാഴ്ചയും അവരുടെ സൗകര്യപ്രദമായ സ്ഥലത്ത് അവരുടെ ഇഷ്ട കലാകാരന്മാരുടെ തത്സമയ സംഗീത പ്രകടനം ആസ്വദിക്കാൻ സാധിക്കും. ഇന്ത്യൻ ഓഷൻ ഫ്യൂഷൻ റോക്ക് ബ്രാൻഡിൻറെ പ്രകടനത്തോടെയാണ് ഈ പ്രതിവാര സംഗീതപരിപാടി ആരംഭിക്കുക. രാഹുൽ റാം, അമിത് കിലാം തുടങ്ങിയവരുൾപ്പെടെയുള്ള ഇന്ത്യൻ ഓഷൻ കലാകാരന്മാരാണ് വി ആപ്പിൽ പുതിയ സംഗീത അനുഭവം രചിക്കുന്നത്. തുടർന്ന് സുനിധി ചൗഹാൻ, മാമേ ഖാൻ, യുഫോരിയ, സാറ ഗുർപാൽ, സുഖ് ഇ ഉൾപ്പെടെ നിരവധി മുൻനിര സംഗീതജ്ഞരുടെയും ബാൻഡുകളുടേയും പരിപാടികൾ ലഭ്യമാകും. ഒരുമണിക്കൂറോളമാണ് ഈ ലൈവ് മ്യൂസിക് പരിപാടി. സംഗീത പ്രേമികൾക്ക് അവരുടെ പ്രിയപ്പെട്ട സംഗീത പ്രകടനങ്ങളുടെ ടിക്കറ്റുകൾ വി ആപ്പിൽ ബുക്ക് ചെയ്യാം.സംഗീത ലോകത്തെ ഏറ്റവും മികച്ചവരുടെ അതുല്യ പ്രകടനങ്ങൾ വി ഉപഭോക്താക്കൾക്ക് അവരവർക്ക് ഇഷ്ടപ്പെട്ട സ്ഥലത്തിരുന്ന് ആസ്വദിക്കുവാൻ എല്ലാ വെള്ളിയാഴ്ചയും അവസരവും ലഭ്യമാക്കുന്നു. തങ്ങളുടെ ഉപഭോക്താക്കൾക്കായി ഹംഗാമയുമായി സഹകരിച്ചാണ് ദേശീയ അന്തർദ്ദേശിയ തലത്തിലുള്ള മികച്ച കാലാകാരന്മാരുടെ സമാനതകളില്ലാത്ത പ്രകടനങ്ങൾ ലഭ്യമാക്കുന്നത്. തങ്ങളുടെ ഡിജിറ്റൽ കണ്ടൻറ് ഓഫറുകളുടെ വ്യാപ്തിയും ആഴവും വിപുലീകരിക്കാനും, അതുവഴി ഉപയോക്താക്കളെ വി ആപ്പ് വളരെയധികം സഹായിക്കുന്നുവെന്ന് വി സിഎംഒ അവനീഷ് ഖോസ്ല പറഞ്ഞു.വിയുമായുള്ള ഹംഗാമയുടെ പങ്കാളിത്തം വഴി തങ്ങളുടെ പ്രേക്ഷകർക്ക് ലൈവ് അനുഭവങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്. രാജ്യത്തുടനീളമുള്ള പ്രമുഖ കലാകാരന്മാരുടെ 52 മികച്ച ഡിജിറ്റൽ പ്രകടനങ്ങൾ ഹംഗാമ മ്യൂസിക് ഓൺ വി ആപ്പിൽ അവതരിപ്പിക്കുമെന്ന് ഈ ഓഫറിനെക്കുറിച്ച് ഹംഗാമ ഡിജിറ്റൽ മീഡിയ സിഇഒ സിദ്ധാർത്ഥ റോയ് പറഞ്ഞു.വി ഉപഭോക്താക്കൾക്ക് 20 ഭാഷകളിലായി 22 ദശലക്ഷത്തിലധികം പരസ്യ രഹിത സംഗീതം എച്ച് ഡിവോയ്സ് നിലവാരത്തിൽ 6 മാസത്തെ പ്രീമിയം സബ്സ്ക്രിപ്ഷൻ ഓഫറിലൂടെ ലഭിക്കും. അൺലിമിറ്റഡ് ഡൗൺലോഡുകളും ഇതോടൊപ്പം ലഭിക്കും.

FILM WORLD



# അങ്ങനെ ഒരാൾ മാത്രം നന്നാകരുതല്ലോ'; സാറ്റർഡേ നൈറ്റ് സെറ്റിൽ നിവിൻ പോളിയും സംഘവും നടത്തിയത് വലിയ പോരാട്ടം

യുവതാരങ്ങളായ നിവിൻ പോളി, സിജു വിൽസൺ, അജു വർഗീസ്, സൈജു കുറുപ്പ് എന്നിവർ നായകരായി എത്തുന്ന ചിത്രം 'സാറ്റർഡേ നൈറ്റ്' റിലീസ് ആയിരിക്കുകയാണ്. ചിത്രത്തിന്റെ പോസ്റ്ററുകളും ട്രയിലറും ടീസറുമെല്ലാം വളരെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ചിത്രം റിലീസ് ആകുന്നതിന് മുന്നോടിയായി പ്രമോഷന്റെ ഭാഗമായി താരങ്ങൾ നൽകിയ ഒരു അഭിമുഖമാണ് ഇപ്പോൾ വൈറലായിരിക്കുന്നത്. മാതൃഭൂമി ഡോട്ട് കോമിന് നൽകിയ അഭിമുഖത്തിൽ നിവിൻ, സിജു, അജു എന്നിവർക്ക് ഒപ്പം ചേർന്നപ്പോൾ തനിക്ക് സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് വാചാലനാകുകയാണ് സൈജു കുറുപ്പ്.വ്യക്തികൾ യഥത്ഥത്തിൽ ആരാണ്, എങ്ങനെയാണ് എന്നെല്ലാം തിരിച്ചറിയാൻ കഴിയുക അവർ ചില ഗ്യാങ്ങിനൊപ്പം ചേരുമ്പോഴാണെന്ന് വ്യക്തമാക്കുകയാണ് സൈജു കുറുപ്പ്. സിജുവുമായി അഞ്ച് സിനിമകൾ ചെയ്തിട്ടുണ്ട്. സിനിമകളെപ്പറ്റി സംസാരിച്ച് നടന്നിട്ടുണ്ട്. ഒരുമിച്ച് സംസാരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, സിജു ആളുകളെ ഇത്ര നന്നായി ട്രോളുമെന്നും കളിയാക്കി തേച്ചൊട്ടിക്കുമെന്നും മനസിലായത് നിവിന് ഒപ്പം സെറ്റിൽ എത്തിയപ്പോഴാണ്. നിക്കറിട്ട കാലം മുതലേയുള്ള സുഹൃത്തുക്കളാണ് നിവിനും സിജുവുമെന്നും നിവിനൊപ്പം ചേർന്നതോടെ സിജു വേറൊരാളായി മാറിയെന്നും പറയുകയാണ് സൈജു കുറുപ്പ്.ബംഗളൂരും മൈസൂരും നിവിനും സിജുവിനും സ്വന്തം വീടു പോലെയാണ്. അവർ ഇറങ്ങിക്കളിച്ച സ്ഥലമാണ്. പുതിയ സിനിമയുടെ ഷൂട്ടിങ്ങ് പഴയ തട്ടകത്തിലായപ്പോൾ ഇരുവരും കൂടുതൽ ഉഷാറായെന്നും നഗരത്തിലെ ചെറിയ ഊടുവഴികൾ പോലും ഇവർക്ക് കാണാപ്പാഠമാണെന്നും സൈജു കുറുപ്പ് പറഞ്ഞു. മൈലാരി ദോശ, ഹനുമന്തു ബിരിയാണി, പെലിക്കനിലെ പോർക്ക് അങ്ങനെ മൈസൂരിലെ ലോക്കൽ ഫുഡുകൾ ഒരുപാട് പരിചയപ്പെടാൻ കഴിഞ്ഞെന്നും സൈജു കുറുപ്പ് പറഞ്ഞു. എന്നാൽ ഫുഡ് എത്ര നന്നായിട്ടും കാര്യമില്ലെന്നും ഏഴു മണിക്ക് ശേഷം ഒന്നും കഴിക്കില്ലെന്ന ഒരു വിചിത്രമായ ആചാരം പുള്ളിക്ക് ഉണ്ടെന്നും അജു പറഞ്ഞു. എന്നാൽ, വർഷങ്ങളായുള്ള തന്റെ ചിട്ടകൾ ഇവന്മാരെല്ലാവരും കൂടി തെറ്റിച്ചെന്ന് സൈജു പറഞ്ഞു. അങ്ങനെ ഒരാൾ മാത്രം നന്നാകരുതല്ലോ എന്നായിരുന്നു നിവിന്റെ പ്രതികരണം. ഷൂട്ടിങ്ങ് തിരക്കിനിടയിലും തങ്ങളെക്കൊണ്ട് പറ്റുന്ന പോലെ പുള്ളിയെ മാറ്റിയെടുത്തെന്നും നിവിൻ പറഞ്ഞു.




# കൊടും കുറ്റവാളിക്ക് പിന്നാലെ ആസിഫും കൂട്ടരും; സസ്പെൻസ് നിറച്ച് കൂമൻ പ്രേക്ഷകരിലേക്ക്; നാളെ തീയറ്ററുകളിൽ

ആസിഫ് അലിയെ കേന്ദ്രകഥാപാത്രമാക്കി ജീത്തു ജോസഫ് സംവിധാനം ചെയ്യുന്ന കൂമൻ പ്രേക്ഷകരിലേക്ക്. ചിത്രം നാളെ തീയറ്ററുകളിൽ എത്തും. ട്വൽത്ത് മാന് ശേഷം ജീത്തു ജോസഫ് സംവിധാനം ചെയ്ത ചിത്രമാണ് കൂമൻ. കഴിഞ്ഞ ദിവസം ഇറങ്ങിയ ചിത്രത്തിന്റെ ട്രെയിലർ പ്രേക്ഷകരിൽ ആകാംക്ഷ സൃഷ്ടിച്ചിട്ടുണ്ട്. ചിത്രത്തിന് ക്ലീൻ യുഎ സർട്ടിഫിക്കറ്റാണ് ലഭിച്ചിരിക്കുന്നത്.ഇൻവെസ്റ്റിഗേഷൻ ക്രൈം ത്രില്ലർ ഗണത്തിൽപ്പെടുന്ന ചിത്രമാണ് കൂമൻ. പൊലീസ് ഉദ്യോഗസ്ഥന്റെ വേഷത്തിലാണ് ആസിഫ് അലി ചിത്രത്തിൽ എത്തുന്നത്. കെ ആർ കൃഷ്ണകുമാർ ആണ് കൂമന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. മാജിക് ഫ്രെയിംസ്, അനന്യ ഫിലിംസ് എന്നിവയുടെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫനും ആൽവിൻ ആന്റണിയും ചേർന്നാണ് കൂമൻ നിർമിച്ചിരിക്കുന്നത്. അനൂപ് മേനോൻ, ബാബുരാജ്, രൺജി പണിക്കർ, മേഘനാഥൻ, ഹന്ന റെജി കോശി, പ്രശാന്ത് മുരളി, അഭിരാം രാധാകൃഷ്ണൻ, രാജേഷ് പറവൂർ, പ്രദീപ ് പരസ്പരം നന്ദു ലാൽ, പൗളി വത്സൻ, കരാട്ടെ കാർത്തിക്ക്, ജോർജ് മാര്യൻ, രമേഷ് തിലക്, ജയൻ ചേർത്തല, ദീപക് പറമ്പോൾ, റിയാസ് നർമ്മ കലാ ജയിംസ് ഏല്യ, വിനോദ് ബോസ്, ഉണ്ണി ചിറ്റൂർ, സുന്ദർ, ഫെമിനാ മേരി, കുര്യാക്കോസ്, മീനാക്ഷി മഹേഷ് എന്നിവരാണ് മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. സംഗീതം- വിഷ്ണു ശ്യാം, ഗാനങ്ങൾ- വിനായക് ശശികുമാർ, ഛായാഗ്രഹണം- സതീഷ് കുറുപ്പ്, എഡിറ്റിംഗ് വി എസ് വിനായക്, കലാസംവിധാനം രാജീവ് കോവിലകം, കോസ്റ്റ്യൂം ഡിസൈൻ- ലിൻഡ ജിത്തു, മേക്കപ്പ്- രതീഷ് വിജയൻ, ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ- അർഫാസ് അയൂബ്, അസോസിയേറ്റ് ഡയറക്ടേർസ്- സോണി ജി സോളമൻ, എസ്. എ ഭാസ്ക്കരൻ പ്രൊഡക്ഷൻ കൺട്രോളർ- പ്രണവ് മോഹൻ, പിആർഒ- വാഴൂർ ജോസ്, ഫോട്ടോ ബന്നറ്റ് എം വർഗീസ് എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.





# ഡിസി സ്കൂൾ ഓഫ് ആർക്കിടെക്ചർ & ഡിസൈൻ വാഗമണിൽ 65–ാം വർഷ സോണൽ നാസ കൺവെൻഷന് ഇന്ന് സമാപനം

**തൊടുപുഴ:** നാഷണല് അസോസിയേഷന് ഓഫ് സ്റ്റുഡന്റ്സ് ഓഫ് ആർക്കിടെക്ചർ(നാസ)65-ാമത് സോണൽ കൺവെൻഷൻ വാഗമണിലെ ഡി.സി. സ്കൂള് ഓഫ് ആർക്കിടെക്ചർ ആന്റ് ഡിസൈനിൽ ആരംഭിച്ചു. ഇന്നാണ് സമാപനം ദക്ഷിണേന്ത്യയിലെ എഴുപതോളം സ്ഥാപനങ്ങളില് നിന്നും പ്രശസ്ത വാസ്തുവിദ്യാ സ്ഥാപനങ്ങളില് നിന്നുമായി രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും. ഉദ്ഘാടന ചടങ്ങിൽ ഹരി ശശികുമാർ രവി ഡിസി, ബോസ് കൃഷ്ണമാചാരി, ആർക്കിടെക്റ്റുമാരായ ശങ്കര് എസ്. കണ്ഠദായ്, അമോൽ മഗ്ദൂം, ഡോ. ഐശ്വര്യ ടിപ്നിസ്, ബിലെയ് മേനോൻ, തരുൺ കൃഷ്ണ, ഇജാസ് ലത്തീഫ് എന്നിവർ പങ്കെടുക്കും. നവനീത് കൃഷ്ണ നന്ദി പറയും. **"Experiences of walkforacause'** എന്ന വിഷയത്തെ അധികരിച്ച് ആർക്കിടെക്റ്റ് ഗീതാ ബാലകൃഷ്ണനനും **"where we work'** എന്ന വിഷയത്തിൽ ഹമ്മിംഗ് ട്രീ ഡയറക്ടർ ആർക്കിടെക്റ്റ് അരുണ് ശേഖര് ഗൗതയും **'Business in design'** എന്ന വിഷയത്തിൽ ആർ ക്കിടെക്റ്റ് മുഹമ്മദ് അഫ്നാനും **'Reflections of practice'** എന്ന വിഷയത്തിൽ ആർക്കിടെക്റ്റ് ആബിദ് റഹീമും **"learnings from Practice'** ആർക്കിടക്റ്റ് ജിൽസൺ ഫിലിപ്പും **Architecture of memorise** എന്ന വിഷയത്തിൽ ആർക്കിടെക്റ്റ് റോയ് എന്നിവർ സംസാരിക്കും.വ്യത്യസ്ത വിദ്യഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾ തമ്മിലുള്ള ആശയ വിനിമയം പ്രോത്സാഹിപ്പിക്കുക, പ്രാദേശിക തലത്തില് കഴിവുള്ള വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുകയും അതു വഴി വിശാലമായ കർമ്മ മണ്ഡലമൊരുക്കുക എന്നിവയാണ് കൺവെൻഷന്റെ ലക്ഷ്യം.

നാസ

നാഷണൽ അസോസിയേഷൻ ഓഫ് സ്റ്റുഡന്റ്സ് ഓഫ് ആർക്കിടെക്ചർ (നാസ, ഇന്ത്യ) ആണ് ഏറ്റവും വലിയ വാസ്തുവിദ്യ 300-ലധികം പങ്കാളിത്ത സ്ഥാപനങ്ങളും മറ്റുള്ളവയുമായി സഹകരിച്ചും ഉള്ള ലോകത്തിലെ വിദ്യാർത്ഥി സംഘടന ലോകമെമ്പാടുമുള്ള വിദ്യാർത്ഥി സംഘടനകളും കോളേജുകളും. നാസ, ഇന്ത്യ ഒരു സ്വയംഭരണാധികാരമുള്ള, ലാഭേച്ഛയില്ലാത്ത, ആർക്കിടെക്ചറിലെ ബിരുദ വിദ്യാർത്ഥികൾക്കുള്ള രാഷ്ട്രീയേതര, മതേതര, ജനാധിപത്യ സ്ഥാപനം ഇന്ത്യ.

ഡിസി സ്കൂൾ ഓഫ് ആർക്കിടെക്ചറും ഡിസൈനും കുറിച്ച്


1957ലെ തിരുവിതാംകൂർ കൊച്ചി നിയമനിർമ്മാണത്തിന് കീഴിൽ 2001-ൽ വിഭാവനം ചെയ്ത ഡിസി കിഴക്കേമുറി ഫൗണ്ടേഷൻ, ഡിസി ബുക്സിന്റെ സ്ഥാപകനായ അന്തരിച്ച ഡിസി കിഴക്കേമുറിക്കുള്ള ആദരാഞ്ജലിയായി രൂപീകരിച്ചതാണ്. ഡിസി കിഴക്കേമുറി ഫൗണ്ടേഷൻ വിവിധ എഴുത്തുകാരുടെയും മറ്റ് സംഘടനകളുടെയും പിന്തുണയോടെ വാർഷിക സാഹിത്യോത്സവം, കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെഎൽഎഫ്) നടത്തുന്നു. വാഗമണിലും തിരുവനന്തപുരത്തും കാമ്പസുകളുള്ള ഡിസി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (ഡിസിഎസ്എംഎടി), ഡിസി സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ എന്നിവ ഫൗണ്ടേഷൻ നടത്തുന്നു. വാഗമണ്ണിലെ ഡിസി സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈനിൽ മാലിന്യം തള്ളാത്ത കാമ്പസാണ്. ആർക്കിടെക്ചർ എഡ്യൂക്കേഷനിലെ ശ്രദ്ധേയമായ പ്രകടനത്തിന് ന്യൂ ഡൽഹിയിലെ ഗ്ലോബൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ പ്രൈവറ്റ് ലിമിറ്റഡിന്റെ 'റൈസിംഗ് സ്റ്റാർ അവാർഡ്, 2022' ഡിസിഎസ്എഡി, വാഗമണിന് ലഭിച്ചു.

# പുതിയ ഫണ്ട് അവതരിപ്പിച്ച് ആക്സിസ് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** രാജ്യത്തെ അതിവേഗം വളരുന്ന മ്യൂചൽ ഫണ്ട് ഹൗസുകളിലൊന്നായ ആക്സിസ് മ്യൂചൽ ഫണ്ട് ആക്സിസ് നിഫ്റ്റി സെപ്റ്റംബർ 2026 ഡെബ്റ്റ് ഇൻഡെക്സ് ഫണ്ട് എന്ന പേരിൽ പുതിയ ഫണ്ട് അവതരിപ്പിച്ചു. നവംബർ നാലിന് ആരംഭിക്കുന്ന ഇഷ്യു 16-ന് അവസാനിക്കും. കുറഞ്ഞ നിക്ഷേപം 5000 രൂപയാണ്. എക്സിറ്റ് ലോഡ് ഇല്ല.റിസ്ക് എടുക്കാൻ താൽപ്പര്യമില്ലാത്ത, 3 – 5 വർഷക്കാലത്തെ നിക്ഷേപം ലക്ഷ്യമിടുന്നവർക്കുള്ള ഏറ്റവും മികച്ച അവസരമാണ് ആക്സിസ് നിഫ്റ്റി എസ്ഡിഎൽ സെപ്റ്റംബർ 2026 ഡെറ്റ് ഇൻഡെക്സ് ഫണ്ടിലൂടെ ഒരുക്കുന്നതെന്ന് ആക്സിസ് എഎംസി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ചന്ദ്രേശ് നിഗം പറഞ്ഞു.നിഫ്റ്റി എസ്ഡിഎൽ സെപ്റ്റംബർ 2026 ആണ് ബഞ്ച്മാർക്ക്. ലോക്ക് ഇൻ ഇല്ലാത്തതിൽ ഇതിൻറെ യൂണിറ്റുകൾ പെട്ടെന്നു പണമാക്കി മാറ്റാൻ നിക്ഷേപകർക്കു സാധിക്കും.

# ആന്ധ്രാപ്രദേശിലെ പൊതുവിദ്യാലയങ്ങളിൽ സൗജന്യ ഇ–ലേണിംഗ് ടൂളുകൾ ലഭ്യമാക്കി ബൈജൂസ്

കൊച്ചി: ലോകത്തിലെ പ്രമുഖ എഡ്യുടെക് കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ വിഭാഗമായ ബൈജൂസ് എഡ്യൂക്കേഷൻ ഫോർ ഓൾ, അതിന്റെ ഉയർന്ന നിലവാരമുള്ള സൗജന്യ ഇ-ലേണിംഗ് ഉള്ളടക്കം ആന്ധ്രാപ്രദേശിലെ 30.8 ലക്ഷം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കും. സംസ്ഥാനത്തെ 2 ലക്ഷം സർക്കാർ അധ്യാപകർക്ക് സൗജന്യ ലേണിംഗ് ലൈസൻസുകൾ നൽകിക്കൊണ്ട് ബൈജൂസ് ആന്ധ്രാപ്രദേശുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തി. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ബൈജൂസും ആന്ധ്രാപ്രദേശ് സർക്കാരും ഒരു ധാരണാപത്രത്തിൽ ഒപ്പുവെച്ചിരുന്നു. കരാറിന്റെ വിപുലീകരണമെന്ന നിലയിൽ, ശരിയായ ഡിജിറ്റൽ അധ്യാപന ആസ്തികൾ ഉപയോഗിച്ച് അധ്യാപകരെ ശാക്തീകരിക്കുന്നതിലൂടെ വിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് ഈ പുതിയ സംരംഭം ലക്ഷ്യമിടുന്നത്. പ്രീ-ലോഡ് ചെയ്ത ബൈജൂസിന്റെ ഇ-ലേണിംഗ് ഉള്ളടക്കമുള്ള 5 ലക്ഷത്തിലധികം ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ (ടാബുകൾ) വാങ്ങുമെന്ന് ആന്ധ്രാപ്രദേശ് സർക്കാർ സെപ്റ്റംബർ 12-ന് പ്രഖ്യാപിച്ചിരുന്നു.അദ്ധ്യാപനത്തിനും പഠനത്തിനും ശരിയായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് കുട്ടികളുടെ സമ്പൂർണ വ്യക്തിത്വം വികസിപ്പിക്കുന്നതും അവരുടെ മുഴുവൻ കഴിവുകൾ തിരിച്ചറിയുന്നതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇ-ലേണിംഗ് ടൂളുകൾ ഉപയോഗിച്ച് സർക്കാർ സ്കൂളുകളിലെ അധ്യാപകരെയും വിദ്യാർത്ഥികളെയും ശാക്തീകരിക്കുന്ന ഈ അതുല്യമായ മാതൃക സംസ്ഥാനത്തെ ഉൾക്കൊള്ളാൻ സഹായിക്കുമെന്ന് ബൈജൂസിന്റെ സഹസ്ഥാപകയായ ദിവ്യ ഗോകുൽനാഥ് പറഞ്ഞു.



# ലോക കപ്പിന് ആവേശം പകരാൻ 'ഹല ഹല ' മ്യൂസിക് ആൽബം




**ആലുവ:** ലോക കപ്പിന് ആവേശം പകരാൻ മലയാളിയുടെ 'ഹല ഹല ' എന്ന മ്യൂസിക് ആൽബം. നിരവധി ആൽബങ്ങളും ഷോർട്ട് ഫിലിമുമൊക്കെ ചെയ്ത ആലുവ കുട്ടമശ്ശേരി സ്വദേശി സിറാജ് റെസയാണ് ആൽബം സംവിധാനം ചെയ്തത്. 20 വർഷക്കാലം ഖത്തറിൽ പ്രവാസിയായിരുന്ന ഇദ്ദേഹം അന്നം തന്ന ഖത്തറിനോടുള്ള ഐക്യദാർഢ്യവും സ്നേഹവുമാണ് ഈ ഗാനത്തിലൂടെ പ്രതിപാദിക്കുന്നത്.അറബിക്, ഇംഗ്ലീഷ് കോമ്പോയിലാണ് ഈ ആൽബം ഒരുക്കിയിരിക്കുന്നത്. സിനിമ പിന്നണി ഗായകനും, സൂഫി ഗായകനുമായ സിയാഹുൽ ഹഖാണ് ഇതിലെ അറബി വരികൾ പാടിയിരിക്കുന്നത്. ഇംഗ്ലീഷ് റാപ്പ് പാടിയത് ശ്യാംലാലാണ്. അറബി വരികൾ എഴുതിയിരിക്കുന്നത് നിരവധി മലയാള സാഹിത്യ കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്ത് ശ്രദ്ധ നേടിയ സുഹൈൽ അബ്ദുൽ ഹക്കീം വാഫിയാണ്. പി.യു.ലക്ഷ്മിയാണ് ഇംഗ്ലീഷ് വരികൾ എഴുതിയത്.ക്യാമറ ശരത് ഇടപ്പള്ളിയും, കൊറിയോഗ്രാഫി അനൂപും, പ്രൊജക്റ്റ് ഡിസൈനർ സാബിർ കല്ലുങ്കലുമാണ്. സിറാജ് റെസ, ഷിയാസ് അൽസാജ്, ചെങ്കിസ്ഖാൻ, നാലു വയസ്സുകാരൻ സൈഗം സാഹി, കാതറിൻ, ദേവിക, സാന്ദ്ര കൂടാതെ ഖത്തറിലുള്ള റേഡിയോ സുനോയിലേയും ഒലിവ് റേഡിയോയിലേയും ആർജെകൾ തുടങ്ങിയവരാണ് ചിത്രീകരണത്തിൽ പങ്കെടുത്തിട്ടുള്ളത്. പവൻ ഗ്രൂപ്പാണ് നിർമ്മാണം.കേരള പിറവി ദിനത്തിൽ റെസ എൻറർടൈൻമെൻറ് യു ട്യൂബ് ചാനലിൽ റിലീസ് ചെയ്ത ആൽബം ഇതിനോടകം നിരവധി പേരാണ് കണ്ടത്. സിറാജ് റെസ കച്ചി എന്ന സിനിമക്ക് വേണ്ടി മ്യൂസിക് ചെയ്യുകയും സിത്താര കൃഷ്ണകുമാർ പാടിയ ഒരു പാട്ടിന് രചന നടത്തുകയും ചെയ്തിട്ടുണ്ട്.അടുത്തിടെ ആലുവ കീഴ്മാട് റോഡിൻെറ ശോചനീയാവസ്ഥയെക്കുറിച്ച് "എത്രയും ബഹുമാനപ്പെട്ട മന്ത്രി അറിയുന്നതിന്...." എന്ന് തുടക്കുന്ന ഒരു കത്ത് പാട്ട് പാടി ശ്രദ്ധേയനായിരുന്നു. ആ ഗാനം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും ഉടനെ റോഡിൻെറ പണി പൂർത്തീകരിക്കുകയും ചെയ്ത് വാർത്തയിൽ ഇടം പടിച്ച ഒരു കലാകാരനും കൂടിയാണ് സിറാജ് റെസ. ഹൈറുന്നിസയാണ് സിറാജിൻെറ ഭാര്യ. ഫഹമീദ ഖമർ, ഫിൽദ ഖമർ, ഫൗസ ഖമർ എന്നിവർ മക്കളാണ്.



## എൻ. ബി. എ അക്കാഡമിയിൽ സെലക്ഷ നേടി ബാസ്കറ്റ് ബാൾ താരം കൃഷ്ണലാൽ

**തിരുവനന്തപുരം :** മലയാളി ബാസ്കറ്റ് ബാൾ താരം കൃഷ്ണലാലിന് എൻ.ബി.എ അക്കാഡമിയിൽ സെലക്ഷൻ ലഭിച്ചു.നോയ്ഡയിലാണ് അക്കാഡമി സ്ഥിതി ചെയ്യുന്നത്.എൻ.ബി.എ അക്കാദമിയിലെത്തുന്ന മൂന്നാമത്തെ മലയാളി താരമാണ് കൃഷ്ണലാൽ. സെജിൻമാത്യു,പ്രണവ് പ്രിൻസ് എന്നിവർക്കാണ് നേരത്തേ ഇവിടെ പ്രവേശനം ലഭിച്ചത്.വോളിബാൾ താരങ്ങളായ മുകേഷ് ലാലിന്റെയും ഷംനയുടെയും മകനാണ് കൃഷ്ണലാൽ. മുകേഷ് ഇപ്പോൾ ദക്ഷിണറെയിൽവേ വനിതാ വോളിടീം കോച്ചാണ്. മാന്നാനം സെന്റ് എഫ്രേംസ് ബാസ്കറ്റ് ബാൾ അക്കാഡമിയിലൂടെയാണ് കൃഷ്ണലാൽ ശ്രദ്ധനേടിയത്.

# അഫ്ഗാനിസ്താനെ കീഴടക്കി ആസ്ട്രേലിയ; സെമി സാധ്യത തുലാസിൽ




**അഡലെയ്ഡ്:** ട്വന്റി 20 ലോകകപ്പിൽ അഫ്ഗാനിസ്താനെ തോൽപിച്ചിട്ടും ആതിഥേയരായ ആസ്ട്രേലിയയുടെ സെമി സാധ്യത അനിശ്ചിതത്വത്തിൽ. നാളെ നടക്കുന്ന കളിയിൽ ഇംഗ്ലണ്ട് ശ്രീലങ്കയെ തോൽപിച്ചാൽ ആസ്ട്രേലിയക്ക് പുറത്തേക്കുള്ള വഴി തുറക്കും. ഇംഗ്ലണ്ട് വൻ മാർജിനിൽ തോറ്റാൽ മാത്രമേ ആതിഥേയർക്ക് സെമി സാധ്യതയുള്ളൂ.അവസാനം വരെ ആവേശം നിറഞ്ഞ മത്സരത്തിൽ അഫ്ഗാനിസ്താനെ നാല് റൺസിനാണ് ഓസീസ് കീഴടക്കിയത്. 169 റൺസ് വിജയലക്ഷ്യമിട്ടിറങ്ങിയ അഫ്ഗാൻ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 164 റൺസാണെടുത്തത്. അവസാന ഓവറിൽ ജയിക്കാൻ 22 റൺസ് വേണ്ടിയിരുന്ന സന്ദർശകർക്ക് 17 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ഒരു ഘട്ടത്തിൽ അഫ്ഗാനിസ്താൻ അനായാസ ജയത്തിലേക്ക് നീങ്ങുമെന്ന് തോന്നിച്ചെങ്കിലും ഓസീസ് ബൗളർമാരുടെ ആക്രമണത്തിൽ അവിശ്വസനീയമായി തകരുകയായിരുന്നു. 13 ഓവറിൽ രണ്ടിന് 98 എന്ന നിലയിൽനിന്ന് 14.3 ഓവറിൽ ആറിന് 103 എന്ന നിലയിലേക്ക് അഫ്ഗാൻ വീണു. തുടർന്ന് റാഷിദ് ഖാൻ നടത്തിയ പോരാട്ടമാണ് പ്രതീക്ഷ നൽകിയത്. റാഷിദ് 23 പന്തിൽ നാല് സിക്സും മൂന്ന് ഫോറും സഹിതം പുറത്താവാതെ 48 റൺസ് നേടി. അഫ്ഗാന് വേണ്ടി ഗുൽബദൻ നായിബ് 23 പന്തിൽ 39ഉം ഓപണർ റഹ്മത്തുല്ല ഗുർബാസ് 17 പന്തിൽ 30ഉം റൺസെടുത്തു. ഇബ്രാഹിം സദ്റാൻ 26 റൺസ് നേടി. ആസ്ട്രേലിയക്കായി ജോഷ് ഹേസൽവുഡ്, ആദം സാംബ എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തിയപ്പോൾ കെയ്ൻ റിച്ചാർഡ്സൻ ഒരു വിക്കറ്റെടുത്തു.സെമിയിലെത്താൻ ജയം അനിവാര്യമായിരുന്ന ആസ്ട്രേലിയ എട്ട് വിക്കറ്റ് നഷ്ടത്തിൽ 168 റൺസാണ് നേടിയത്. 32 പന്തിൽ പുറത്താവാതെ 54 റൺസെടുത്ത ഗ്ലൻ മാക്സ് വെല്ലിനും 30 പന്തിൽ 45 റൺസെടുത്ത മിച്ചൽ മാർഷിനും മാത്രമേ തിളങ്ങാനായുള്ളൂ. ഡേവിഡ് വാർണർ, മാർകസ് സ്റ്റോയിണിസ് എന്നിവർ 25 റൺസ് വീതം നേടി. അഫ്ഗാസ്താന് വേണ്ടി നവീനുൽ ഹഖ് നാലോവറിൽ 21 റൺസ് മാത്രം വഴങ്ങി മൂന്ന് വിക്കറ്റ് വീഴ്ത്തിയപ്പോൾ ഫസൽ ഹഖ് ഫാറൂഖി രണ്ടും മുജീബു റഹ്മാൻ, റാഷിദ് ഖാൻ എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.അതേ സമയം അയർലൻഡിനെതിരെ നിർണായക മത്സരം 35 റൺസിന് ജയിച്ച് സെമിഫൈനൽ ഉറപ്പിക്കുന്ന ആദ്യ ടീമായി ന്യൂസിലൻഡ് മാറി. ആസ്ട്രേലിയയുടെ കുറഞ്ഞ റൺറേറ്റാണ് കീവീസിന് സെമിയിലേക്ക് വഴി തുറന്നത്. ഗ്രൂപ്പ് ഘട്ടത്തിൽ അഞ്ച് മത്സരങ്ങളും പൂർത്തിയാക്കിയ ന്യൂസിലൻഡിന് +2.113 നെറ്റ് റൺറേറ്റിൽ ഏഴ് പോയിന്റാണുള്ളത്. ആസ്ട്രേലിയക്കും ഏഴ് പോയന്റായെങ്കിലും കുറഞ്ഞ റൺറേറ്റാണ് ഓസീസിന്റെ സാധ്യതക്ക് മങ്ങലേൽപിച്ചത്. നിലവിൽ −0.173 ആണ് അവരുടെ റൺറേറ്റ്. നാല് മത്സരങ്ങൾ പൂർത്തിയാക്കിയ ഇംഗ്ലണ്ടിന് +0.547 റൺറേറ്റിൽ അഞ്ച് പോയന്റുണ്ട്. അടുത്ത കളിയിൽ ഇംഗ്ലണ്ട് ജയിച്ചാൽ ആതിഥേയരായ ആസ്ട്രേലിയ പുറത്താകും. ഇന്ന് ആസ്ട്രേലിയ ജയിച്ചതോടെ ശ്രീലങ്കയും ലോകകപ്പിൽനിന്ന് പുറത്തായി.




## അയർലൻഡിനെ തകർത്ത് ന്യൂസിലൻഡ് സെമിക്കരികെ

**അഡലെയ്ഡ്:** ട്വൻറി20 ലോകകപ്പിൽ സൂപ്പർ 12 സ്റ്റേജ് പോരാട്ടിലെ നിർണായക മത്സരത്തിൽ അയർലൻഡിനെ 35 റൺസിന് തോൽപിച്ച് ന്യൂസിലൻഡ്.ജയത്തോടെ കീവീസ് സെമി സാധ്യത ഒന്നുകൂടി സജീവമാക്കി. അഞ്ചു മത്സരങ്ങളിൽനിന്നായി ടീമിന് ഏഴു പോയിൻറുണ്ട്. ഇതോടെ രണ്ടാം സ്ഥാനത്തുള്ള ഇംഗ്ലണ്ടിനും മൂന്നാം സ്ഥാനത്തുള്ള ഓസ്ട്രേലിയക്കും അവസാന മത്സരങ്ങൾ നിർണായകമായി. വലിയ മാർജിനിൽ ജയിച്ച് നെറ്റ് റൺറേറ്റ് മറികടന്നാൽ മാത്രമെ ഇരുവർക്കും സെമിയിലെത്താൻ കഴിയൂ. ന്യൂസിലൻഡ് ഉയർത്തിയ 186 റൺസ് വിജയലക്ഷ്യം പിന്തുടർന്ന അയർലൻഡിന് 150 റൺസെടുക്കാനെ കഴിഞ്ഞുള്ളു.ഓപ്പണർമാരായ പോൾ സ്റ്റിർലിങ് (27 പന്തിൽ 37 റൺസ്), ആൻഡ്രൂ ബാൾബിർനി ( 25 പന്തിൽ 30 റൺസ്) എന്നിവർ ടീമിന് മികച്ച തുടക്കം നൽകി. ഒന്നാം വിക്കറ്റിൽ 68 റൺസ് പിറന്നു. നായകൻ ബാൾബിർനി പോയതോടെ ഐറിഷ് ടീം ചീട്ടുകൊട്ടാരം പോലെ തകർന്നു. വന്നവരെല്ലാം വേഗത്തിൽ മടങ്ങി. പിന്നീട് മൂന്നു താരങ്ങൾക്ക് മാത്രമാണ് രണ്ടക്കം കടക്കാനായത്.അയർലൻഡിനായി ജോഷ്വാ ലിറ്റിൽ മൂന്നും ഗാരെത് ഡെലാനി രണ്ടും വിക്കറ്റെടുത്തു. ആദ്യ ബാറ്റ് ചെയ്ത ന്യൂസിലൻഡ് നായകൻ കെയ്ൻ വില്യംസണിന്റെ അർധ സെഞ്ചറി മികവിലാണ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 185 റൺസെടുത്തത്.

EDITORS CHOICE

# ക്ഷേത്രങ്ങളിൽ ദീപാരാധനയ്ക്കുള്ള പ്രാധാന്യം



പഞ്ചഭൂതങ്ങളിൽ ഒന്നാണ് അഗ്നി. മറ്റുള്ളവയെയും സ്വയവും ശുദ്ധമാകുന്ന അഗ്നിയ്ക്ക് പ്രാധാന്യം ഏറെയാണ്. ഒട്ടുമിക്ക ഹിന്ദുമത വിശ്വാസികളും അഗ്നിയെ സാക്ഷിയാക്കി മാത്രമാണ് എല്ലാ പുണ്യകർമ്മങ്ങളും.അനുഷ്ഠിക്കുന്നത്. ക്ഷേത്രങ്ങളിലാകാട്ടെ ഏറ്റവും പ്രധാനവും ദീപാരാധനയാണ്. ഉഷഃപൂജ, മധ്യാഹ്നപൂജ എന്നീ വേളകളിലും ദീപാരാധന നടത്താറുണ്ട്. സാധാരണയായി സായംസന്ധ്യയിലാണ് ദീപാരാധന (സന്ധ്യാദീപാരാധന) നടത്തുന്നത്. അതിനാണ് ഏറെ പ്രാധാന്യം. ദീപാരാധനയിലൂടെ താന്ത്രികമായും മാന്ത്രികമായും വൈദികകർമ്മങ്ങളിലൂടെ സകല ചൈതന്യവും ഭഗവൽപാദത്തിലേയ്ക്ക് അർപ്പിക്കുന്നുവെന്ന് സങ്കല്പം. ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലും ദീപാരാധന ഉണ്ടെങ്കിലും നേരിയ വ്യത്യാസങ്ങൾ ഉണ്ട്.ദീപാരാധനാവേളയിൽ ദേവതകൾ ഓരോ ദീപങ്ങളിലും കുടികൊണ്ട് ഈശ്വരദർശനം നേടുന്നു എന്നാണ് സങ്കൽപം. ഈശ്വരന് മനുഷ്യൻ അർപ്പിക്കുന്ന പതിനാറുതരം ഉപചാരങ്ങളിൽ ഒന്നാണ് ദീപാരാധന. ദീപങ്ങളാൽ പരംപിതാവിനെ ആരാധിക്കുന്നു എന്നാണ് ദീപാരാധനയുടെ സങ്കൽപം. ദീപാരാധന തന്നെ പലവിധത്തിലുണ്ട്. ഓരോന്നിനും ഓരോ പ്രാധാന്യവും ഫലങ്ങളും ഉണ്ട്. അലങ്കാര ദീപാരാധന, പന്തീരടി ദീപാരാധന, ഉച്ചപൂജാ ദീപാരാധന, സന്ധ്യാദീപാരാധന, അത്താഴപൂജ ദീപാരാധന. ദീപങ്ങൾ ഉഴിഞ്ഞുള്ള ആരാധാനാ രീതിക്ക് പ്രത്യേക നിർദേശങ്ങളാണ് ആചാര്യന്മാർ നല്കിയിട്ടുള്ളത്.ഒരു ദീപം മാത്രമടങ്ങിയ ആരാധന സരസ്വതിയെ സൂചിപ്പിക്കുന്നു. മൂന്ന് ദീപങ്ങൾ സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവയുടെ സാന്നിധ്യവുമാണ് അറിയിക്കുക.കല, പ്രതിഷ്ഠ കല, വിദ്യ, ശാന്തി, ശാന്തി അതീതകല എന്നീ അഞ്ച് കലകളെയാണ് പഞ്ചദീപങ്ങൾ കാണിക്കുന്നത്. വിഗ്രഹത്തിന് ചുറ്റും സാധാരണ ദീപങ്ങൾ മൂന്നുവട്ടം ഉഴിയാറുണ്ട്. ആദ്യം ദീപം കാണിക്കുന്നത് ലോകക്ഷേമത്തിനും രണ്ടാമത്തേത് ഗ്രാമപ്രദേശത്തിൻെറ ക്ഷേമത്തിനും മുന്നാമത്തേത് പഞ്ചഭൂതങ്ങളെ അടക്കി നിർത്താനുള്ള ശക്തിക്ക് വേണ്ടിയുമാണെന്നാണ് ആചാര്യന്മാർ പറയുന്നത്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com